# കർത്തൃദിന വിരോധ ലേഖനത്തോടുള്ള പ്രതികരണം




വിൽഫ്രെഡ്. കെ. ജെ

# കർത്തൃദിന വിരോധ ലേഖനത്തോടുള്ള പ്രതികരണം

വിൽഫ്രെഡ്.കെ.ജെ

വിവാദ ലേഖനം ഒടുവിലായി ചേർത്തിരിക്കുന്നു

# ഉള്ളടക്കം

## 1

## തുടർമാനമായ തിരുവത്താഴ പങ്കാളിത്തത്താൽ സാത്താന്റെ പ്രലോഭനങ്ങളെ/മേശയെ എതിർക്കുവാൻ കഴിയും എന്ന തെറ്റുദ്ധാരണക്കുള്ള തിരുത്തൽ:-


1. വചന വ്യവസ്ഥകളിൽനിന്നുള്ള വിടവാങ്ങൽ .......................... പേജ് 2
2. ആത്മീയ വളർച്ചയ്ക്കായുള്ള വചനശാസനം.................................." 2
3. കർത്തൃമേശ ഒരു മതാചാരമല്ല................................................" 3
4. പ്രാർത്ഥനയല്ല ആരാധന ........................................................" 5
5. മുൻവിധിയോടെയുള്ള വചന വ്യാഖ്യാനം ......................................" 5
6. ആത്മീയതയ്ക്കായുള്ള യഥാർത്ഥ മാർഗ്ഗനിർദ്ദേശങ്ങൾ................" 6
7. ആചാരാനുഷ്ഠാനങ്ങൾ മതപരമായതുതന്നെ ..................................." 7


## 2

## കർത്തൃദിനത്തിലല്ലാതെ കർത്തൃഅത്താഴം ആചരിച്ചുകൊണ്ടുള്ള ആരാധനയ്ക്കായി ഏതുദിവസവും കൂടിവരാം എന്ന തെറ്റുദ്ധാരണയ്ക്കുള്ള തിരുത്തൽ:-


1. കർത്തൃദിനം-മേശ-അത്താഴം മുതലായവ വെളിപ്പെടുത്തുന്ന ചില ആത്മീയസത്യങ്ങൾ ........................................................" 8
2. തെറ്റായ വ്യാഖ്യാന ശൈലിക്കുള്ള തിരുത്തൽ................................." 10
3. സഭയുടെ വ്യതിയാന കാലഘട്ടം..........................................................." 12
4. കർത്തൃഅത്താഴത്തിന് കർത്തൃദിനം തന്നെ യോജിച്ചത്..............." 13
5. കർത്താവിന്റെ മരണം തന്റെ ഉയിർപ്പില്ലാതെ അർത്ഥശൂന്യമായതുതന്നെ..................................................................." 15
6. ആദ്യകാല സഭകളെല്ലാം കർത്തൃദിനത്തിൽ തന്നെയാണ് കർത്തൃഅത്താഴം ആചരിച്ചിരുന്നത്..........................." 16
7. ക്രിസ്താബ്ദം യെഹൂദ പാരമ്പര്യത്തെ സഭക്കായി അകറ്റിയിരിക്കുന്നു........................................................................." 17

8. ഒരു വൈകാരികമായ മനോഭാവത്തിനുവേണ്ടിയല്ല
കർത്തൃദിനം ........................................................................ പേജ് 18
9. ദൈവത്തിന്റെ അനുവാദം തന്റെ പൂർണ്ണ അംഗീകാരമല്ല............" 19
10. സ്വാർത്ഥതയോടുകൂടെയുള്ള ദൈവവചന സമീപനം ................" 23
11. പാപയാഗം പെസഹയുടെ പ്രതീകമല്ല............................................" 24

## 3
## തിരുവചനത്തിലെ ആരാധനയെന്ന പരാമർശങ്ങളെല്ലാം ക്രിസ്തുവിന്റെ മാർമ്മീക ശരീരമായ സഭയുടെ സത്യാരാധനാബന്ധത്തിലാണെന്ന തെറ്റായ വ്യാഖ്യാനത്തോടുള്ള പ്രതികരണം

1. വ്യക്തിഗത-സമൂഹ ആരാധനയും
സംയുക്ത-ഉടമ്പടിആരാധനയും........................................................" 25
2. തിരിച്ചറിവില്ലായ്മ തന്നെ ഇന്നത്തെ പ്രശ്നകാരണം...................." 27
3. മാനവരാശിയെ സംയുക്തമായി പ്രതിനിധീകരിക്കുന്ന
രണ്ട് ശിരസ്സുകൾ........................................................................" 28

# കർത്തൃദിന വിരോധ ലേഖനത്തോടുള്ള പ്രതികരണം

## അവതരണം

യാദൃച്ഛികമായാണ് ആ വിവാദ ലേഖനം എനിക്ക് ഒരു സഹോദരനിൽനിന്ന് ലഭിക്കുവാനിടയായത്. അതിൽ പ്രത്യക്ഷമായി കാണുന്ന മൂന്ന് തെറ്റായ വചന വ്യാഖ്യാനത്തോടുള്ള ബന്ധത്തിൽ സത്യം വെളിപ്പെടുത്തുവാൻ താൻ എന്നെ നിർബന്ധിച്ചതിനാൽ രൂപംകൊണ്ടതാണ് ഈ ചെറുപുസ്തകം.

***1.*** സാത്താന്റെ പ്രലോഭനങ്ങളെ തുടർമാനമായ തിരുവത്താഴാചരണത്താൽ എതിർക്കുവാൻ കഴിയും എന്ന് കൽപ്പിച്ചുകൊണ്ട് ആ ലേഖനം തിരുവത്താഴത്തിന് തെറ്റായ ഉദ്ദേശം നൽകിയിരിക്കുന്നു.

***2.*** കർത്തൃദിനത്തിന്റെ പ്രാധാന്യതയെക്കുറിച്ചുള്ള അജ്ഞതയാൽ 'കർത്തൃദിനത്തിൽ കർത്തൃഅത്താഴം' എന്ന അടിസ്ഥാന സത്യത്തെ അതിൽ നിരാകരിച്ചിരിക്കുന്നു.

***3.*** തിരുവചനത്തിലെ ആരാധനാപരാമർശങ്ങളെല്ലാം ക്രിസ്തുവിന്റെ അഭിഷിക്ത മാർമ്മീക ശരീരമായ തിരുസഭയുടെ ആരാധനാബന്ധത്തിലാണെന്ന തെറ്റുദ്ധാരണയാൽ അനേക ആരാധനാ ഭാഗങ്ങൾ അസ്ഥാനത്തായി ഉദാഹരിച്ചിരിക്കുന്നു.

***''സകലത്തിനും എനിക്ക് സ്വാതന്ത്ര്യം ഉണ്ട് എങ്കിലും സകലവും ആത്മീയ വർദ്ധന വരുത്തുന്നില്ല''***(1കൊരി.10:23) എന്ന വചനവ്യവസ്ഥയിൽ ആത്മീയൻ അവലംബിക്കുന്ന വചനവ്യാഖ്യാനരീതി ലോകമയത്തിൽനിന്ന് അകലുവാനായിരിക്കും. മറിച്ച് അനാത്മീയൻ ജഡിക താൽപര്യങ്ങൾക്കായി വചനത്തെ ദുർവ്യാഖ്യാനിക്കുന്നു. മുകളിൽ കാണിച്ച മൂന്ന് വിഷയങ്ങൾ നമുക്ക് ഓരോന്നായി ഈ മാനദണ്ഡത്തിൽ ചിന്തിക്കാം.

# 1

# തുടർമാനമായ തിരുവത്താഴ പങ്കാളിത്തത്താൽ സാത്താന്റെ പ്രലോഭനങ്ങളെ/മേശയെ എതിർക്കുവാൻ കഴിയും എന്ന തെറ്റുദ്ധാരണക്കുള്ള തിരുത്തൽ:

## വചന വ്യവസ്ഥകളിൽനിന്നുള്ള വിടവാങ്ങൽ:

പുതിയനിയമ ആരാധനാവ്യവസ്ഥയെ ആകമാനം തകിടം മറിച്ചിരിക്കുകയാണ് ആ ലേഖനം (ഒടുവിൽ വായിക്കുക). അതിലെ നാലാം കോളം പറയുന്നത് ഇപ്രകാരമാണ്: എത്രത്തോളം തിരുവത്താഴത്തിൽ നിന്നും പങ്കുകൊള്ളുന്നുവോ അത്രത്തോളം നാം സാത്താനെ അതിജീവിക്കുവാൻ ശക്തരാകുമെന്ന്. ഈ പുതിയ വിധി പ്രകാരം തിരുവത്താഴ പങ്കാളിത്തം ആത്മീയ വളർച്ചയ്ക്ക് വലിയ പങ്ക് വഹിക്കുന്നു. അങ്ങനെ അത്, ആത്മീയ വളർച്ചയ്ക്കായി വേദപുസ്തകം വെളിപ്പെടുത്തിയിരിക്കുന്ന വചന വ്യവസ്ഥകളെ നിരാകരിക്കുകയാണ്.

## ആത്മീയ വളർച്ചയ്ക്കായുള്ള വചനശാസനം:

ലോകമയത്തിൽ നിന്നും ആത്മീയ വളർച്ചയ്ക്കായി എന്തു ചെയ്യേണമെന്ന് വേദപുസ്തകം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. കർത്തൃമേശയിൽ പങ്കാളിയാകുവാനുള്ള യോഗ്യതക്കായി സാത്താന്റെ മേശയെ അവഗണിക്കേണ്ട ആവശ്യകതയാണ് 1കൊരി.10:21ൽ വായിക്കുന്നത്. ആ ലേഖനത്തിൽ പറയുന്നത് നേരെ മറിച്ച്: തുടർമാനമായ കർത്തൃമേശാചരണത്താൽ സാത്താന്റെ മേശയെ/സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനാകുമെന്ന്. എന്നാൽ, എത്രത്തോളം നാം സാത്താന്റെ മേശ ഒഴിയുന്നുവോ അത്രത്തോളം കർത്തൃമേശയിൽ പങ്കാളിയാകുവാൻ യോഗ്യരാകുമെന്ന് പൌലൊസ് അപ്പൊസ്തലൻ അതിനുവിപരീതമായി പറയുന്നു. 1കൊരി.10:21ൽ താൻ അത് ഇപ്രകാരവും വെളിപ്പെടുത്തി: ***''അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കയോ ചെയ്യുന്ന***

***വൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും''.*** സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ തുടർമാനമായി കർത്തൃഅത്താഴം ആചരിക്കേണമെന്ന് ദൈവവചനത്തിൽ ഒരിടത്തും പറയുന്നില്ല. എന്നാലോ, കർത്തൃമേശയുടെ ആത്മീയ ഗൗരവത്തെയാണ് പൌലൊസ് അപ്പൊസ്തലൻ അവിടെ പ്രതിപാദിക്കുന്നത്. കർത്തൃമേശ ഇവിടെ ഒരു പ്രതീകമായി, ത്രിയേക ദൈവത്തോടും ക്രിസ്തുവിന്റെ മാർമ്മീക ശരീരമായ സഭയോടുമുള്ള കൂട്ടായ്മയെയാണ് വെളിപ്പെടുത്തുന്നത്. വെറുമൊരു ജഡിക ജീവിതം നയിക്കുന്നവന് ഒരിക്കലും കർത്താവിനോടും സഭയോടും കൂട്ടായ്മ നടത്താനാവില്ല. അപ്പൊസ്തലനായ യോഹന്നാൻ അത് ഈവിധം വ്യക്തമാക്കുന്നു: ***''അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കുപറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു''*** (1യോഹ.1:6-7). അതിനാൽ പൌലൊസ് അപ്പൊസ്തലൻ കൊരിന്ത്യർക്ക് ഈവിധം താക്കീതു നൽകുന്നു: ***''നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരുചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരുകൂട്ടായ്മ? ക്രിസ്തുവിനും ബെലീയാലിന്നും തമ്മിൽ എന്ത് പൊരുത്തം? അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്ത് ഓഹരി?''*** (2കൊരി.6:14-15).

## കർത്തൃമേശ ഒരു മതാചാരമല്ല:

കർത്തൃഅത്താഴത്തിന് ഒരു മതാചാരാവരണം നൽകിക്കൊണ്ട് ആ ലേഖനം പ്രസ്താവിക്കുന്നു: തുടർമാനമായ അത്താഴാചരണത്താൽ ദുരാത്മ കൂട്ടായ്മയെ അതിജീവിക്കാനാകുമെന്ന്. എന്നാൽ സാത്താന്റെ മേശയെ തിരസ്കരിച്ചുകൊണ്ട് വചന വെളിച്ചത്തിൽ നടക്കുമ്പോൾ മാത്രമേ കർത്തൃമേശയിൽ പങ്കാളികളാകുവാൻ പ്രാപ്തരാകൂ എന്ന സന്ദേശമാണ് ദൈവാത്മാവ് വചനത്തിലൂടെ നൽകുന്നത്. വചന വെളിച്ചത്തിൽ നടക്കുവാനുള്ള യോഗ്യത നേടാനല്ല ആരാധന, മറിച്ച് വചന വെളിച്ചത്തി

ലുള്ള നടപ്പാണ് ആരാധനക്കായുള്ള അഥവാ സഭയോടും ദൈവ ത്തോടുമുള്ള കൂട്ടായ്മക്കായുള്ള യോഗ്യത. 1യോഹ.1:5-7 വാക്യ ങ്ങളുടെ സാരാംശം ഇതുതന്നെയാണ്. എന്നാൽ ആ ലേഖനം വെറും ഹാസ്യാത്മകമായി ലക്ഷ്യത്തെ (കർത്തൃമേശയെ) വഴി യായും, വഴിയെ (സാത്താന്യ കൂട്ടായ്മ ഒഴിഞ്ഞുള്ള ജീവിതത്തെ) ലക്ഷ്യമായും വ്യാഖ്യാനിച്ചുകളഞ്ഞു. അന്യോന്യമുള്ള കൂട്ടായ്മ യോടെ കർത്താവിനോടുള്ള കൂട്ടായ്മ പ്രതീകാത്മകമായി വെളി പ്പെടുത്തുന്ന ശുശ്രൂഷയാണല്ലോ അപ്പം നുറുക്കലിനാൽ വെളിപ്പെ ടുത്തുന്നത്. അത് നാം 1കൊരി.10:16-17 വാക്യങ്ങളിൽ ഇപ്രകാരം വായിക്കുന്നു: ***''നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ് തുവിന്റെ രക്തത്തിന്റെ കൂട്ടായ്മ അല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലയോ? അപ്പം ഒന്ന് ആക കൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ***''. ത്രിയേക ദൈവത്തോടും സഭയോടുമുള്ള നമ്മുടെ കൂട്ടായ്മയാ ണത്. യഥാർത്ഥ വിശ്വാസികളോട് ആത്മീയ ഭൗമീക തലങ്ങളിൽ തുടർമാനമായി കൂട്ടായ്മ ആചരിക്കാത്തവർ ഈ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ യോഗ്യരല്ല. അല്ലാത്തപക്ഷം അത് വെറുമൊരു മതാചാരമായി അവശേഷിക്കും.

ദൈവവചനാനുസരണ ജീവിതത്തിനുമാത്രമേ സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനാകൂ. വചനം അനുശാസിക്കു ന്നത് ഇതുമാത്രം: ***''എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാക യാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസ നത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളത് ആകുന്നു''*** (2തിമോ.3:16-17). ആ ലേഖനം പറ യുന്നതുപോലെ തുടർമാനമായ കർത്തൃഅത്താഴ പങ്കാളിത്തമല്ല പൈശാചിക പ്രേരണകളെ അകറ്റുവാൻ പ്രേരണാത്മകമായി തീരു ന്നത് മറിച്ച് വചനാനുസരണമുള്ള ജീവിതം മാത്രമാണെന്ന് വേദ പുസ്തകം ഊന്നിപ്പറയുന്നു. അപ്പവും വീഞ്ഞും ആത്മീയ ശക്തി ക്കായി കഴിക്കുന്ന ടോണിക്കെന്നോണം ആ ലേഖനത്തിൽ വിവ ക്ഷിച്ചിരിക്കുകയാണ് (അതിലെ നാലാം കോളം വായിച്ചാലും). കൂടിവരവുകളിലെ വചനശുശ്രൂഷയാൽ നിറവേറേണ്ട കാര്യം കർ

ത്താവിന്റെ അത്താഴാചരണത്തിൻമേൽ ആ ലേഖനം കെട്ടിവയ്ക്കുകയാണ്-എത്ര അപലപനീയം.

## പ്രാർത്ഥനയല്ല ആരാധന:

ആരാധനയിൽ ആരാധകർ ഒരിക്കലും വാങ്ങുകയല്ല മറിച്ച് ദൈവത്തിന് നൽകുകയാണെന്ന സൂചനയാണ് വേദപുസ്തകത്തിൽ ഉള്ളത്. വെളി.4:11-ാം വാക്യത്തിൽ അതത്രേ കാണുന്നത്: ***''കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുംകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന് മുമ്പിൽ ഇടും''***. കൂടാതെ ***''അവർ അത്യുച്ചത്തിൽ അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു''*** (വെളി.5:12). ഇവിടെ നാം ***'ശക്തി'***, ആരാധനാവേളയിൽ കർത്താവിന് സമർപ്പിക്കുന്നതായിട്ടാണ് വായിക്കുന്നത്. അല്ലാതെ ആ ലേഖനത്തിൽ പറയും വിധം ***'ശക്തി'*** പ്രാപിക്കാനല്ല തിരുവത്താഴത്തിൽ പങ്കാളികളാകേണ്ടത്, അത് പ്രതീകാത്മകമായ ശുശ്രൂഷ തന്നെ. ആരാധനയിൽ ദൈവത്തിന് നൽകുന്നുവെന്ന സത്യം തന്നെ പഴയനിയമത്തിലും കാണുന്നു: ***''ധാന്യം, വീഞ്ഞു, എണ്ണ എന്നിവയുടെ ആദ്യ ഫലവും നിന്റെ ആടുകളെ കത്രിക്കുന്ന ആദ്യ രോമവും നീ അവന്നു കൊടുക്കേണം''*** (ആവ.18:4). ആത്മീയ ശക്തിക്കായുള്ള ആചാരമല്ല ആത്മീയശക്തിയുടെ അനാവരണമാണ് ആരാധന.

## മുൻവിധിയോടെയുള്ള വചനവ്യാഖ്യാനം:

വചന സൂക്ഷ്മതയില്ലാതെ എഴുതിയ ആ ലേഖനത്തിലെ ജാതീയ ആചാര സിദ്ധാന്തത്തിന് ആധാരമായി 2പത്രൊ.1-ാം അദ്ധ്യായം അതിൽ എടുത്തു കാണിക്കുവാനുണ്ടായ പ്രേരണ എന്താണെന്ന് ചിന്തിച്ചാൽ വായനക്കാരന് ഒരെത്തും പിടിയും കിട്ടുകയില്ല. ആ വചനഭാഗം കർത്തൃഅത്താഴത്തെ കുറിച്ച് യാതൊരു സൂചനയും നൽകുന്നില്ല. രക്ഷക്കായി വിശ്വാസിക്ക് ദാനമായി ലഭിച്ച വിലമതിക്കാനാകാത്ത വിശ്വാസാടിസ്ഥാനത്തിൽ

ഉണ്ടാകേണ്ട ക്രിസ്തീയ ജീവിത പുരോഗതിയെ കുറിച്ചാണ് പത്രൊസ് അപ്പൊസ്തലൻ അവിടെ പ്രതിപാദിച്ചിരിക്കുന്നത്. താൻ ഒരിക്കലും ഈ മതാചാര സിദ്ധാന്തത്തെ പിന്താങ്ങുന്നില്ല. മറിച്ച് ഒരു വിജയകരമായ ജീവിതത്തിന് വിശ്വാസി തനിക്ക് ദാനമായി ലഭിച്ച വിശ്വാസാടിസ്ഥാനത്തിൽ ക്രിസ്തീയ ജീവിതം ആത്മീയ വർദ്ധനക്കായി എങ്ങിനെ കെട്ടിപ്പടുക്കേണം എന്നതാണ് അവിടെ കാണിച്ചിരിക്കുന്നത്; അത് ഈവിധം: ***''അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസ ത്തോടു വീര്യവും, വീര്യത്തോടു പരിജ്ഞാനവും, പരിജ്ഞാന ത്തോടു ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോടു സ്ഥിരതയും, സ്ഥിരതയോടു ഭക്തിയും, ഭക്തിയോടു സഹോദര പ്രീതിയും, സഹോദര പ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ''***. താൻ വീണ്ടും കുറിക്കുന്നു: ***''ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ചു ഉത്സാഹമില്ലാത്തവരും നിഷ്ഫല ന്മാരും ആയിരിക്കയില്ല''***. താൻ വീണ്ടും ചേർക്കുന്നു: ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറി (വീണ്) പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും. ഇവ നാം ചെയ്താൽ നാം ഒരിക്കലും വീഴില്ലായെന്ന് പത്രൊസ് അപ്പൊ സ്തലൻ പറയുന്നു. സാത്താന്റെ ആഗ്രഹങ്ങളിൽ വീഴാതിരിക്കേ ണ്ടതിന് നാം അവലംബിക്കേണ്ട മാതൃക ഇതാണ്. അല്ലാതെ ആ ലേഖനം അനുശാസിക്കും പ്രകാരം ദിവസ വ്യത്യാസമില്ലാതെ അപ്പം നുറുക്കലിന്റെ എണ്ണം കൂട്ടുന്നതിനാലല്ല.

## ആത്മീയതയ്ക്കായുള്ള യഥാർത്ഥ മാർഗ്ഗ നിർദ്ദേശങ്ങൾ:

വീഴ്ച കൂടാതെ ഫലവത്തായ ക്രിസ്തീയ ജീവിതത്തിനായുള്ള മാർഗ്ഗ രേഖകൾ പഴയനിയമത്തിൽ തന്നെ ഏറെ അധികമായി കാണാനാകും! ഒന്നാം സങ്കീർത്തനം അതിന് ഉത്തമ ഉദാഹരണം തന്നേ. പിതാവായ ദൈവത്തിന്റെ കൽപ്പനകളിൽ രസിച്ച് രാപ്പകൽ അത് ധ്യാനിക്കുന്നവൻ തക്ക കാലത്ത് ഫലം കായ്ക്കുന്നവനാകു മെന്ന്, ദൈവാത്മാവ് ആ സങ്കീർത്തനത്തിലൂടെ നമ്മെ പ്രബോധി

പ്പിക്കുന്നു; ആവ.6:1-9; 1യോഹ.1:7 വാക്യങ്ങൾക്ക് സമാനമായി ത്തന്നെ. ആ സങ്കീർത്തനത്തിൽ വെളിപ്പെടുന്ന ഒരു ഫല സമ്പൂർണ്ണമായ ക്രിസ്തീയ ജീവിതം, പുതിയനിയമത്തിലെ സത്യാ രാധനക്ക് അനിവാര്യം തന്നെ. എന്നാൽ അത് ആചാരാടിസ്ഥാന ത്തിലല്ല മറിച്ച് വചനാനുസരണത്താൽ മാത്രമേ സാധ്യമാകൂ. പൌലൊസ് അപ്പൊസ്തലന്റെ ലേഖനങ്ങളിൽ ഈവിധം ഫലവ ത്തായ ജീവിത മാർഗ്ഗദർശനങ്ങൾ എത്രയോ ഉണ്ട്. റോ.12:1-2 അവയിൽ ഒന്നത്രേ. ലോകത്തോട് അനുരൂപരാകാതെ മനസ്സുപു തുക്കി രൂപാന്തരപ്പെടേണ്ടതിന്റെ അത്യാവശ്യകതയെ അതിൽ ഊന്നിപ്പറയുന്നു. പ്രതിജ്ഞാബദ്ധമായ ഒരു സമർപ്പിത ജീവിത ത്തിന് പകരമായി യാതൊരു ആചാരമാർഗ്ഗവും പ്രയോജനമുള്ള തല്ല. ആയതിനാൽ അപ്പൊസ്തലനായ പൌലൊസ് നമ്മോട് അഭ്യർത്ഥിക്കുന്നു: ***"നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങ ളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദ വുമുള്ള യാഗമായി സമർപ്പിപ്പിൻ"***.

## ആചാരാനുഷ്ഠാനങ്ങൾ മതപരമായതുതന്നെ:

ഒരു യാഗപീഠത്തിനും അതിന്മേൽ അർപ്പിക്കുന്ന ഊനമുള്ള മൃഗത്തെ ഊനമില്ലാത്തതാക്കുവാൻ കഴിയുകയില്ല. അപ്രകാരം ഒരു ജഡിക വിശ്വാസി എത്ര തന്നെ കർത്തൃഅത്താഴ പങ്കാളിയാ യാലും ആത്മീയനാകില്ല. നാമധേയ ക്രിസ്ത്യാനികളിൽ ഈവിധ ആചാരാനുഷ്ഠാനങ്ങൾ കാണാനാകും. എത്രത്തോളം ഒരുവൻ കുർബാന കൂടുന്നുവോ അത്രത്തോളം താൻ ആത്മീയനാകു മെന്നു അവർ പഠിപ്പിക്കുന്നു (കുർബാനയാണ് അവരുടെ കർത്തൃ അത്താഴം).

# 2

## കർത്തൃദിനത്തിലല്ലാതെ കർത്തൃഅത്താഴം ആചരിച്ചുകൊണ്ടുള്ള ആരാധനയ്ക്കായി ഏതു ദിവസവും കൂടിവരാം എന്ന തെറ്റുദ്ധാരണയ്ക്കുള്ള തിരുത്തൽ:

---

## കർത്തൃദിനം–മേശ–അത്താഴം മുതലായവ വെളിപ്പെടുത്തുന്ന ചില ആത്മീയ സത്യങ്ങൾ:

കർത്തൃദിനം–മേശ–അത്താഴം മുതലായവ അനേക ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ആരാധനയോടുള്ള ബന്ധത്തിൽ വിശ്വാസി ക്രിസ്തുവിനോടുകൂടെ മരിച്ചിരിക്കുന്നുവെന്ന് ***'കർത്തൃഅത്താഴം'*** വിളംബരം ചെയ്യുന്നു. കൂടാതെ ***'കർത്തൃദിനം'*** വെളിപ്പെടുത്തുന്നതോ വിശ്വാസി ക്രിസ്തുവിനോടുകൂടെ ഉയിർത്ത് ക്രിസ്തുവിന്റെ അഭിഷേകത്തിൽ അവൻ രാജകീയ പുരോഹിതനായിത്തീർന്നു എന്നും കാണിക്കുന്നു (1പത്രൊ.2:9). ആത്മാവിലും സത്യത്തിലുമുള്ള ആരാധന മൂന്ന് കാര്യങ്ങൾ ആവശ്യപ്പെടുന്നു. ഒന്നാമതായി പാപത്തിന്റെ ശമ്പളമായ മരണം (റോ.6:23). രണ്ടാമത്, ആത്മീയ മൗനതയെ അകറ്റുവാനായി ആത്മീയ ജീവനിലേക്കുള്ള ഉയിർപ്പ്. ഒടുവിലായി ദൈവ സന്നിധിയിലേക്ക് ചെല്ലുവാനുള്ള അധികാരപത്രമായ അഭിഷേകം. നാം വിശ്വാസത്താൽ ക്രിസ്തുവിൽ മരിച്ചു അഭിഷിക്തരായ രാജകീയ പുരോഹിതരായി തന്നോടുകൂടെ ഉയിർത്തവരാണ്. അങ്ങിനെ നാം ക്രിസ്തുവിലായപ്പോൾ ആരാധനയുടെ ഈവിധ മൂന്നു നിബന്ധനകളും പുതിയ സൃഷ്ടിയെന്നോണം നമ്മിൽ നിറവേറിക്കഴിഞ്ഞു (2കൊരി.5:17, കൊലൊ.2:10–12, 1പത്രൊ2:9) ഈവിധം വിശ്വാസിയിൽ ഇപ്പോൾ വ്യാപരിക്കുന്ന ക്രിസ്തുവിന്റെ ഉയിർപ്പിൻ ശക്തിയാണ് സത്യാരാധനയുടെ പ്രചോദനമെന്നു നമ്മിൽ അനേകർക്കും അറിയില്ല. ഇതറിഞ്ഞ പൌലൊസ് അപ്പൊസ്തലൻ ഇപ്രകാരമെഴുതി: ***''അവന്റെ മരണത്തോട് രൂപാന്തരപ്പെട്ടിട്ട് അവനേയും അവന്റെ പുനരുദ്ധാനത്തിന്റെ ശക്തിയും........അനുഭവിച്ചറിയേണ്ടതിന്''*** എന്ന് (ഫിലി.3:10–11). കർത്താവിന്റെ മരണ ഉയിർ

പ്പുകളോടുള്ള നമ്മിലെ ഏകീഭാവം ആഴ്ചവട്ടത്തിലെ ഒന്നാം നാളത്തെ അപ്പം മുറിക്കൽ എന്ന പ്രതീകാത്മകമായ ശുശ്രൂഷ യാൽ നാം എല്ലാ അർത്ഥത്തിലും വെളിപ്പെടുത്തുന്നു ***''........ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവരായ നാം അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കു ന്നു''*** (റോ.6:3). കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നുവെ ന്നതിന്റെ പ്രധാന ആന്തരീക അർത്ഥം തന്റെ മരണ ഉയിർപ്പുക ളോടുള്ള നമ്മിലെ ഏകീഭാവത്തിന്റെ ഓർമ്മ പുതുക്കൽ തന്നെ; ഇതു തന്നെ സത്യാരാധനയുടെ അടിസ്ഥാനം. റോ.6:5-ാം വാക്യ പ്രകാരം കർത്താവിന്റെ മരണത്തോടുള്ള നമ്മുടെ ഏകീഭാവ ഓർമ്മയാൽ കർത്താവിന്റെ ഉയിർപ്പിൻ ശക്തി നമ്മിൽ വ്യാപരി ക്കുന്നു എന്ന സത്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. അത് നാം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മാർമ്മീക ശരീര അംഗങ്ങൾ എന്ന നിലയിൽ തന്നെ. **ഈ ആത്മീയസത്യ അറിവാണ് ക്രിസ്തീയ ജീവിതത്തിന്റേയും സത്യാരാധനയു ടേയും പ്രചോദനാത്മാവ്**. ഈ ഉയിർപ്പിൻ ശക്തി തങ്ങളിൽ വ്യാപരിക്കുന്നുവെന്ന ബോധ്യം വിശ്വാസികൾക്കുണ്ടാകേണ്ടതിനു പൌലൊസ് അപ്പൊസ്തലൻ പ്രാർത്ഥിക്കുന്നതായിക്കാണാം (എഫെ.1:15-20). ആയതിനാൽ കർത്തൃഅത്താഴവും കർത്തൃദി നവും നമ്മോടും ലോകത്തോടും വിളംബരം ചെയ്യുന്നതെന്തെ ന്നാൽ: സത്യാരാധനയുടെ നിബന്ധനകൾ വിശ്വാസിയിൽ പൂർണ്ണ മായി നിറവേറിയിരിക്കുന്നു; അത് ക്രിസ്തുവിന്റെ മാർമ്മീക ശരീരത്തിലെന്നവണ്ണം തന്നെ. ആരും വിശ്വാസികളെ വിധിക്കാനാ വാത്തവണ്ണം ദൈവമക്കൾ പിതാവായ ദൈവത്തെ ആരാധിക്കു വാൻ ഇന്ന് പൂർണ്ണരാണ്. ഈ സന്ദേശമാണ് കൊലൊ.2:10-16 വാക്യങ്ങൾ നമുക്ക് പകർന്നുനൽകുന്നത്. ആയതിനാൽ ദൈവ മക്കൾ സത്യാരാധകർ തന്നേ. ആത്മാവിലും സത്യത്തിലുമുള്ള ആരാധനക്കായുള്ള യോഗ്യതകളാണ് ഇവ. എന്നാൽ ഈ ആത്മീയ യോഗ്യതകളാൽ വിശ്വാസി തന്റെ ശരീരത്തെ ദൈവ വചനാനുസരണം, ജീവനുള്ള യാഗമായി സമർപ്പിച്ച് സത്യാരാധന ക്കായുള്ള ശ്രേഷ്ഠത പ്രാപിക്കേണ്ടതുമാണ്.

# തെറ്റായ വ്യാഖ്യാന ശൈലിക്കുള്ള തിരുത്തൽ:

ദൈവ വചനത്തിലെ ഒരുസംഭവത്തിന്റെ ഒരുഭാഗം മാത്രം എടുത്തുകൊണ്ട് ഒരിക്കലും ഒരു ഉപദേശം മെനയുവാൻ ദൈവാത്മാവ് നമ്മെ അനുവദിക്കുന്നില്ല. അപ്പൊ.2:46ലെ ദിനംതോറുമുള്ള ആലയത്തിൽ കൂടിവന്നുവെന്ന ആ സംഭവം ഒരു പ്രവർത്തന പരമ്പരയിലെ ഒരു കാര്യം മാത്രമാണ്. അവിടെ പ്രത്യേകാൽ കുറികൊള്ളേണ്ട നാല് കാര്യങ്ങൾ കാണാം.

1) 3120 പേരിലേറെയുള്ളവർക്ക് സകലതും പൊതുവായിരുന്നു.
2) തങ്ങളുടെ വസ്തുവകകൾ വിറ്റ് ഓരോരുത്തരുടെ ആവശ്യാനുസരണം പകുത്തു കൊടുത്തു.
3) ആ 3120 പേരിലേറെയുള്ളവർ ദിവസേന ആദ്യം ആലയത്തിൽ കൂടിവന്നു.
4) എല്ലാവരും വീടുകളിൽപ്പോയി അപ്പംനുറുക്കി.

ദിനംതോറും ആദ്യം ഒരു ആലയത്തിലോ അഥവാ ഒരു പൊതുസ്ഥലത്തു കൂടുകയും പിന്നെ അന്നു തന്നെ യാത്രചെയ്ത് താന്താങ്ങളുടെ വീടുകളിൽ പോയി അപ്പം നുറുക്കുകയും ചെയ്യുക എന്നത് പ്രായോഗികമായ ഒരു ഉപദേശമാണോ? സഭയുടെ ഉപദേശമെന്നോണം എല്ലാം പൊതുവകയായി കണക്കാക്കി സകലതും വിറ്റ് ഓരോരുത്തരുടേയും ആവശ്യാനുസരണം പകുത്തുകൊടുക്കണമോ? ദൈവാത്മാവ് ഇത് ഒരു പൊതു ഉപദേശമായി എടുക്കാൻ ഉദ്ദേശിച്ചതാണോ? പിന്നീടുണ്ടായ സഭകൾ ഇത് ഒരു ഉപദേശമായി എടുത്തു അത് പിന്തുടർന്നുവോ? യെരുശലേം സഭയുടെ ആദ്യനാളുകളിൽ വിശ്വാസികൾ, അടിസ്ഥാന സഭാ ഉപദേശങ്ങൾ പഠിക്കേണ്ടതിന് ഒരുമിച്ചു താമസിച്ചുകൊണ്ട് പൊതു ആഹാരമാണ് കഴിച്ചുകൊണ്ടിരുന്നത്. കർത്താവിൽ നിന്നുള്ള വെളിപ്പെടുത്തലുകൾ പൌലൊസ് അപ്പൊസ്തലന് ലഭിക്കുംവരെ അവർ തിരുവത്താഴം സ്നേഹസദ്യയോടുകൂടെ കഴിച്ചുകൊണ്ടിരുന്നു (1.കൊരി.11:23-25). അന്നത്തെ യെരുശലേം വിശ്വാസികൾ ബഹുരാഷ്ട്രപൗരന്മാരായിരുന്നു; 3000-പേരോളം മറ്റ് രാജ്യക്കാരായിരുന്നുവല്ലോ (അപ്പൊ.2:9-11;41). അവർ രക്ഷിക്കപ്പെട്ട ശേഷം ഒരുപക്ഷെ പല മാസങ്ങൾ യെരുശലേമിൽതന്നെ താമ

സിച്ചു അപ്പൊസ്തലന്മാരാൽ തങ്ങളുടെ യെഹൂദപാരമ്പര്യ ങ്ങൾക്ക് ഭിന്നമായ പുതിയനിയമ ജീവിതത്തിന്റെ ആദ്യ പാഠങ്ങൾ പഠിക്കയായിരുന്നു (അപ്പൊ.2:41). തങ്ങളുടെ ഭാഷാഭിന്നത മൂലം, എബ്രായ ഭാഷക്കാർ മറ്റു ഭാഷ സംസാരിക്കുന്ന യെഹൂദൻമാരെ മേശയിലെ ശുശ്രൂഷാകാര്യങ്ങളിൽ വിവേചനത്തോടെ കണ്ടു (അപ്പൊ.6:1). നാം ഇവയെല്ലാം തിരയുന്നതെന്തിനെന്നാൽ അന്നത്തെ യെരുശലേം സഭയുടെ ബദ്ധപ്പാട് നിറഞ്ഞ അവസ്ഥ അൽപ്പം ഗ്രഹിക്കേണ്ടതിനു മാത്രമാണ്. ഇന്നത്തെ നമ്മുടെ YMEF ക്യാമ്പിലെ ഇടമുറിയാത്ത പരിശീലന പരിപാടികൾക്ക് തുല്യമായ ഒരു ബദ്ധപ്പാടുള്ള അവസ്ഥയിലായിരുന്നു അന്നത്തെ യെരു ശലേം സഭ. കർത്താവിൽനിന്ന് നേരിട്ട് സത്യാരാധനാ ഉപദേശ ങ്ങൾ ലഭിച്ചത് അപ്പൊസ്തലനായ പൌലൊസിനാണ് (1കൊരി. 11:23). പൌലൊസ് അപ്പൊസ്തലനാൽ സ്ഥാപിതമായ സഭകളുടെ പ്രവർത്തന രീതികളുമായി ഇത്  താരതമ്യം ചെയ്തു സമ്മിശ്രമാ ക്കരുത്. അങ്ങനെ, അന്നത്തെ യെരുശലേം വിശ്വാസികളെ പുതിയനിയമ ജീവിതരീതികളെ പഠിപ്പിക്കേണ്ടതിന് പരിശുദ്ധാ ത്മാവ് ഒരു തീവ്ര പരിശീലന കർമ്മപരിപാടി തന്റെ വിവേചനാ നുസരണം സംജാതമാക്കുകയായിരുന്നു. ആയതിനാൽ ആ യെരു ശലേം പരിശീലന കർമ്മപരിപാടികൾക്ക് സഭയുടെ അടിസ്ഥാന ഉപദേശ കാഴ്ചപ്പാട് ഇല്ലതന്നെ. ചില ആദ്യകാല കൃപാവരങ്ങൾ പോലും സഭയുടെ അടിസ്ഥാന ഉപദേശ വ്യവസ്ഥ ഉൾക്കൊ ണ്ടിരുന്നില്ലല്ലോ; ഉദാ: അന്യഭാഷ, പ്രവചനം മുതലായവ. ആയതി നാലത്രേ മുഖ്യ ഉപദേശവാഹകനായ പൌലൊസ് അപ്പൊ സ്തലനിലൂടെ ഈവിധം മുന്നറിയിച്ചത്: പൂർണ്ണരൂപത്തിൽ വചനം എത്തുമ്പോൾ അപൂർണ്ണമായ കൃപാവരങ്ങൾ നിന്നു പോകുമെന്ന് (1കൊരി.13:10). പൌലൊസ് അപ്പൊസ്തലന്റെ പ്രവേശനത്തോടെ യാണ് അടിസ്ഥാന ഉപദേശങ്ങൾ കർത്താവ് സഭയ്ക്ക് നൽകു വാൻ തുടങ്ങിയത്. സ്വർഗ്ഗത്തിന്റെ താക്കോൽ വാഹകനായ പത്രൊസ് അപ്പൊസ്തലൻപോലും പൌലൊസ് അപ്പൊസ്തല നെപ്പോലെ അടിസ്ഥാന ഉപദേശങ്ങൾ വെളിപ്പെടുത്തുവാൻ അത്ര യ്ക്ക് കൃപാവരമുള്ളവനായിരുന്നില്ല. തനിക്കുശേഷം കടന്നുവന്ന പൌലൊസ് അപ്പൊസ്തലന്റെ രൂക്ഷമായ തർജ്ജനം സഹിക്കേ ണ്ടിവന്നിട്ടുപോലും ഒടുവിൽ പത്രൊസ് അപ്പൊസ്തലൻ ഉപദേശ

വിഷയങ്ങളിലുള്ള പൌലൊസ് അപ്പൊസ്തലന്റെ അതുല്യമായ കൃപാവരസിദ്ധിയെ ശ്ലാഘിക്കുന്നതായി കാണുന്നു (ഗലാ.2:11–21, 2പത്രൊ.3:15–17). യഥാർത്ഥത്തിൽ, അപ്പൊ.2:41–42 വാക്യങ്ങളിൽ നിന്നും ഉരിത്തിരിഞ്ഞു വരുന്നതെന്തെന്നാൽ, അന്നത്തെ 3000–ത്തിൽപരം പുതുവിശ്വാസികളെ തങ്ങളുടെ അടിയുറച്ച യെഹൂദ പാരമ്പര്യത്തിൽ നിന്നും സഭയുടെ പ്രഥമ നടപടി ക്രമങ്ങൾ അഭ്യസിപ്പിക്കേണ്ടതിന് പരിശുദ്ധാത്മാവ് ചില താൽക്കാലിക ക്രമീകരണങ്ങളിലൂടെ തന്റെ വിവേചനാധികാരത്തിൽ അപ്പൊസ്തലനായ പത്രൊസിനേയും കൂട്ടരേയും എടുത്ത് ഉപയോഗിക്കുകയായിരുന്നുവെന്നതാണ്.

## സഭയുടെ വ്യതിയാന കാലഘട്ടം:

പുതുതായി ജനിച്ച സഭയുടെ ആദ്യ നാളുകൾ സഭാചരിത്രത്തിലെ ഒരു വ്യതിയാന കാലഘട്ടം തന്നേ. ആയതിനാൽ വചനം ലിഖിതമായി തീരുന്നതിനു മുൻപുള്ള സഭയുടെ ആദ്യകാല പ്രവർത്തനങ്ങൾ, വചനവെളിപ്പാടുകളുടെ സ്രോതസ്സ് (അന്യഭാഷ, പ്രവചനം) മുതലായവയ്ക്ക് അടിസ്ഥാന ഉപദേശ പദവി നൽകാനാവില്ലായെന്ന് ബൈബിൾ ഊന്നിപ്പറയുന്നുണ്ട്. അപ്പൊസ്തലനായ പൌലൊസ്, അപ്പൊസ്തലത്വത്തിലേക്ക് കടന്നുവന്ന ശേഷമാണ് ഉപദേശാധിഷ്ഠിതമായ സഭയുടെ നടപടി ക്രമങ്ങൾ ഉടലെടുക്കാനിടയായത്. ഇപ്പോഴത്തെ അപ്പം നുറുക്കലിന്റെ നിയമാധിഷ്ഠിതമായ ആചാരക്രമം പൌലൊസ് അപ്പൊസ്തലനിലൂടെയാണ് അവതരിക്കപ്പെട്ടത്. അത് തനിക്ക് കർത്താവിൽനിന്നു നേരിട്ട് വെളിപ്പെട്ടതുതന്നെ (1കൊരി.11:23). തിരുവത്താഴത്തിന്റെ ഉദ്ദേശവും, കൂടാതെ അതിലെ അയോഗ്യമായ പങ്കാളിത്വത്തിന്റെ അപകടസൂചനകളും മറ്റും പൌലൊസ് അപ്പൊസ്തലനിലൂടെയാണ് വെളിപ്പെട്ടുവന്നത്. സഭയുടെ വ്യതിയാന കാലഘട്ടമായതിനാൽ തനിക്ക് മുമ്പായിരുന്ന അപ്പൊസ്തലന്മാർക്ക് അവ അത്രയ്ക്ക് ഗ്രാഹ്യമായിരുന്നില്ല. ആയതിനാലത്രേ അവർ തിരുവത്താഴം പൊതു ഭക്ഷണത്തോടെ കഴിക്കുവാനിടയായത്, തദ്വാര അതിന്റെ ഗൗരവം വിട്ടുപോകുവാനിടയായി. തിരുവത്താഴത്തിന്റെ വിവിധമായ ആത്മീയവശങ്ങളെ പൌലൊസ് അപ്പോസ്തലനിലൂടെയാണ് ഗ്രഹിക്കാനാകുന്നത്. ആദ്യ നാളുകളിൽ ശിഷ്യന്മാർ

തിരുവത്താഴത്തിലടങ്ങിയിരുന്ന ആന്തരീക അർത്ഥങ്ങൾ ഗ്രഹിച്ചിരുന്നില്ല. തിരുവത്താഴത്തിലൂടെ വെളിപ്പെടുന്ന വിശ്വാസികളിലെ ഏകീഭാവത്തെ ഗ്രഹിപ്പിച്ചുകൊണ്ട് പൌലൊസ് അപ്പൊസ്തലൻ കൊരിന്ത്യ വിശ്വാസികളെ ശാസിക്കാനിടയായതിന്റെ കാരണവും ഇതുതന്നെ (1കൊരി.10:16-17). അങ്ങനെ തിരുവത്താഴം സാമാന്യ വ്യക്തിഗത ഭക്ഷണത്തോടെ കഴിക്കരുതെന്നും താൻ ശാസിച്ചു (1കൊരി. 11:20-22,10:17). ഈവിധം തിരുവത്താഴ ബന്ധത്തിലെ ആരംഭ രീതികൾ പൌലൊസ് അപ്പൊസ്തലനാലുളവായ പൂർണ്ണ പുതിയനിയമ വ്യവസ്ഥകൾക്ക് വഴിമാറിക്കൊടുത്തു.

## കർത്തൃഅത്താഴത്തിന് കർത്തൃദിനം തന്നെ യോജിച്ചത്:

ആരാധനാ ദിവസത്തിന്റെ ഏകീഭാവത്തിനായിട്ടും ആഴ്ചവട്ടത്തിന്റെ ആദ്യ ദിവസത്തിന് കർത്താവിന്റെ പേര് നൽകി, '***കർത്തൃദിനം***'; (രാജകീയദിനം) എന്നാക്കി (വെളി.1:10). ***''ഇതു യഹോവ ഉണ്ടാക്കിയദിവസം; ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക''***! (സങ്കീ.118:24). നോക്കുക എത്ര പ്രവചനാത്മകമായിട്ടാണ് 118-ാം സങ്കീർത്തനത്തിൽ ആഴ്ചവട്ടത്തിന്റെ ആദ്യ ദിനത്തെ വരച്ചു കാണിച്ചിരിക്കുന്നത്!: ***''വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇതു യഹോവയാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യം ആയിരിക്കുന്നു. ഇതു യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ചു ആനന്ദിക്ക''***. നമുക്കറിയാം ആ തള്ളിക്കളഞ്ഞ കല്ല് നമ്മുടെ കർത്താവുതന്നെയാണെന്ന്. തള്ളിക്കളയൽ തന്റെ ക്രൂശീകരണ മരണവുമാണല്ലോ; '***മൂലക്കല്ലായിത്തീർന്നു***' എന്നത് ഉയിർത്തെഴുന്നേറ്റ കർത്താവിനേയും, '***ഇത് കർത്താവുണ്ടാക്കിയ ദിനം***' എന്നത് തന്റെ ഉയിർപ്പിൻ ദിനത്തേയും വെളിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിൽ, തിരുസഭ തന്റെ, ശരീരമെന്നോണം ആ പുതുദിനത്തിൽ സന്തോഷിച്ചാനന്ദിച്ചുകൊണ്ട് പിതാവായ ദൈവത്തെ ആരാധിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനെ (കർത്തൃദിനത്തെ) നിഴലായി പഴയനിയമത്തിൽ ('***ഇത് യഹോവ ഉണ്ടാക്കിയ ദിവസം***' എന്ന്) ദൃശ്യമാണെങ്കിലും അതിന്റെ ശരിയായ പ്രയോഗം പുതിയ

നിയമത്തിൽ, കർത്താവിന്റെ ഉയിർപ്പിനെ വെളിപ്പെടുത്തുന്ന ദിനമായാണ് കാണുന്നത്. യെഹൂദന്മാർ ശബ്ബത്തുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ '***ശബ്ബത്തു ദിനത്തിന്റെ പിറ്റേനാൾ***' എന്ന പദപ്രയോഗത്തിനാണ് അധികം സാധ്യത ഉണ്ടായിരുന്നത്. എന്നാൽ ദൈവാത്മാവ് പ്രത്യേക ഉദ്ദേശത്തോടെ '***ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ***' ('***കർത്തൃദിനം***') എന്ന പ്രയോഗം കർത്താവിന്റെ ഉയിർപ്പിൻ നാളിനു നൽകുവാൻ യെഹൂദ വിശ്വാസികളെ സ്വാധീനിച്ചു. സാത്താന്റെ ആയുധവർഗ്ഗമായ ന്യായപ്രമാണത്തെ ആ ദിവസമായിരുന്നു കർത്താവ് അപ്രായോഗ്യമാക്കിയത്: ***''ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള് പാപം; പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം''*** (1കൊരി.15:55-56). അങ്ങനെ കർത്താവ് അന്ന് പുതിയനിയമ ഉടമ്പടി ഉണ്ടാക്കിയതോടെ ആ ചരിത്ര പ്രഖ്യാപനം ഉണ്ടായി. ന്യായപ്രമാണമെന്ന ചങ്ങലയാൽ ബന്ധിതരായി നരകാഗ്നിയിലേക്ക് നയിക്കപ്പെട്ടുകൊണ്ടിരുന്ന മാനവരാശിയോട്, '***നിവൃത്തിയായി***'; (യോഹ.19:30); അതായത് ***''വിശ്വസിക്കുന്ന ഏവന്നും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു''*** എന്ന പ്രഖ്യാപനം തന്നേ (റോ.10:4). അപ്പൊസ്തലനായ തോമസ് തന്റെ ഗുരുവും കർത്താവുമായവന്റെ ഉയിർപ്പ് ആദ്യം വിശ്വസിച്ചില്ലല്ലോ. ആയതിനാൽ തനിക്ക് മറ്റു ശിഷ്യന്മാരോടൊത്തു '***കർത്തൃദിനത്തിൽ***' പ്രത്യക്ഷപ്പെട്ട കർത്താവിനോടുകൂടെ സന്തോഷിക്കാനായില്ല (യോഹ.20: 19-24). അങ്ങനെ തോമസിന് '***കർത്തൃദിനത്തിലെ***' സന്തോഷം നഷ്ടപ്പെട്ടു. കർത്തൃദിനത്തെ കുറിച്ചുള്ള അജ്ഞത, കർത്താവിനെ തന്റെ ദിനത്തിൽ ആരാധിക്കുവാൻ നമ്മെ ഇടയാക്കുന്നില്ല. '***കർത്തൃ അത്താഴം***', '***കർത്തൃദിനത്തിൽ***' എന്ന സത്യം അനിഷേധ്യമായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു വസ്തുത തന്നെ (അപ്പൊ. 20:7). തദ്വാര പൌലൊസ് അപ്പൊസ്തലൻ അപ്പം നുറുക്കുവാൻ കർത്തൃദിനത്തിനായി ദിവസങ്ങളോളം കാത്തിരുന്നു (അപ്പൊ.20: 6-7);-***''ഇത് യഹോവ ഉണ്ടാക്കിയ ദിനം ഇന്ന് നാം സന്തോഷിച്ചാനന്ദിക്ക''***. ആയതിനാൽ കർത്തൃദിനം എന്ന പ്രയോഗം പെട്ടെന്നുണ്ടായ ഒന്നല്ല; മറിച്ച് പഴയനിയമത്തിൽ തന്നെ അതിനു കാലുണ്ടെന്ന് കാണാം. തിരസ്കരിക്കപ്പെട്ട കല്ല് സഭയുടെ പ്രധാന

മൂലക്കല്ല് എന്ന നിലയിൽ ഉയിർത്തെഴുന്നേറ്റപ്പോൾ തന്നെ ആഴ്ച വട്ടത്തിന്റെ ആദ്യ നാൾ എന്ന പ്രയോഗം ഉടലെടുത്തു. ന്യായ പ്രമാണ രഹിതമായിത്തീർന്ന ആദ്യ ദിവസമെന്നോണം, ആഴ്ചവട്ട ത്തിൽ ഏതെങ്കിലും ഒരു ദിവസം ഉണ്ടെങ്കിൽ അത് ആഴ്ചവട്ട ത്തിന്റെ ആദ്യ നാൾ തന്നെയാണ്. സുവിശേഷ കർത്താക്കളായ നാലുപേരും ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ എന്ന പ്രയോഗം വളരെ അവിരളമായും മത്സരിച്ചും, ഉയിർത്ത കർത്താവിനു ഭയ ഭക്തി ബഹുമാനം നൽകുന്ന ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നു.

## കർത്താവിന്റെ മരണം തന്റെ ഉയിർപ്പില്ലാതെ അർത്ഥശൂന്യമായതു തന്നെ:

കർത്താവിന്റെ ഉയിർപ്പിൻ പശ്ചാത്തലത്തിലാണ് എപ്പോഴും തന്റെ മരണം ചിത്രീകരിച്ചിരിക്കുന്നത്. രക്ഷയോടുള്ള ബന്ധ ത്തിൽ നാം അത് റോ.10:9-10ൽ വായിക്കുന്നു. സ്നാന ബന്ധ ത്തിൽ റോ.6:5ലും; ക്രിസ്തീയ ജീവിതത്തോടുള്ള ബന്ധത്തിൽ ഫിലി.2:18; 3:10 മുതലായ ഇടങ്ങളിൽ അത് കാണാനാകും. ഒടുവിലായി ആരാധനയോടുള്ള ബന്ധത്തിൽ വെളിപ്പാട് പുസ്ത കത്തിലും. വെളി.1:5-6ലെ '***മരിച്ചവരിൽ ആദ്യ ജാതൻ***' എന്ന ഭാഗത്തിൽ '***ആദ്യ ജാതൻ***' എന്നത് തന്റെ ഉയിർപ്പിനേയും, '***മരിച്ചവരിൽ***' എന്നത് തന്റെ മരണത്തേയും കുറിക്കുന്നുവല്ലോ. ഈവിധം കർത്താവിന്റെ മരണ ഉയിർപ്പിൻ പശ്ചാത്തലത്തിലാണ് 6-ാം വാക്യം ആരാധന ചിത്രീകരിച്ചിരിക്കുന്നത്: ''***നമ്മെ സ്നേഹി ക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിന്നു നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന്നു എന്നെന്നേ ക്കും മഹത്വവും ബലവും; ആമേൻ***'' (വെളി.1:6). ഇവിടെ കുറിക്കൊള്ളേണ്ടത് എന്തെന്നാൽ ഈ ആരാധന ചിത്രീകരിച്ചിരി ക്കുന്ന പശ്ചാത്തലം കർത്തൃദിനത്തിൽ തന്നെ എന്നതാണ്. അത് നാം അതേ അദ്ധ്യായത്തിന്റെ തുടർന്നുള്ള പത്താം വാക്യത്തിൽ വായിക്കുന്നു. ഈവിധം ദൈവമക്കളുടെ സകല ദൈവീക കാര്യ ങ്ങളും അതായത് രക്ഷ, സ്നാനം, ആരാധന മുതലായവ കർത്താ വിന്റെ മരണ-ഉയിർപ്പ് ബന്ധത്തിലാണ് വചനത്തിൽ വെളിപ്പെടു ന്നത്.

ആയതിനാൽ ആരാധനക്കായി സഭ, ക്രിസ്തുവിന്റെ മരണ ത്തെ ചിത്രീകരിക്കേണ്ടത് നമ്മുടെ സൗകര്യാർത്ഥമായ ഏതെ ങ്കിലും ഒരു ദിനത്തിലല്ല മറിച്ച് തന്റെ ഉയിർപ്പിൻ ദിനമായ കർത്തൃ ദിനമെന്ന പശ്ചാത്തലത്തിൽ മാത്രം.

## ആദ്യകാല സഭകളെല്ലാം കർത്തൃദിനത്തിൽ തന്നെയാണ് കർത്തൃഅത്താഴം ആചരിച്ചിരുന്നത്:

അപ്പൊ.20:6-7 വാക്യങ്ങളിലൂടെ വേദപുസ്തകം വ്യക്തമായി വെളിപ്പെടുത്തുന്ന സത്യമാണ്: തന്റെ ശിഷ്യന്മാരെല്ലാം ആഴ്ചവട്ട ത്തിന്റെ ഒന്നാംനാളായ കർത്തൃദിനത്തിൽ തന്നെയാണ് അപ്പം നുറുക്കാൻ കൂടിവന്നിരുന്നതെന്ന്. അപ്പൊ.20:6-7ലെ സംഭവം ഒരു ഒറ്റപ്പെട്ടതല്ലായിരുന്നു. വിശുദ്ധന്മാർക്കായുള്ള ധർമ്മശേഖര ബന്ധ ത്തിൽ 1കൊരി.16:1-2ലെ പൌലൊസ് അപ്പൊസ്തലന്റെ ആജ്ഞ യാൽ സ്ഥിരീകരിക്കപ്പെടുന്നതും കർത്തൃഅത്താഴം കർത്തൃദിന ത്തിൽ തന്നെയാണ് ആദ്യകാല സഭകളെല്ലാം ആചരിച്ചിരുന്നത് എന്ന സത്യമാണ്. ***''വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖര ത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭകളോടു ആജ്ഞാപി ച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്ന ശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു ആഴ്ചവട്ടത്തിൽ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം''*** (1കൊരി.16:1-2). ആയതിനാൽ ത്രോവാസും കൊരിന്ത്യ സഭകളും മാത്രമല്ല ഗലാത്യ സഭകളും ഈ ബന്ധത്തിൽ കുറിക്കപ്പെട്ടിരിക്കുന്നു. വില്ല്യം മാക്ഡൊണാൾഡിന്റെ വ്യാഖ്യാനം ഇതോടുള്ള ബന്ധ ത്തിൽ ഇവിടെ കുറിക്കുന്നത് അർത്ഥവത്തായിരിക്കും. അപ്പോ.20: 6-7 വാക്യങ്ങൾ താൻ ഇപ്രകാരം വ്യക്തമാക്കി ***''ആറും ഏഴും വാക്യങ്ങൾ തുലനം ചെയ്യുമ്പോൾ വെളിപ്പെടുന്നതെന്തെന്നാൽ അപ്പം നുറുക്കുവാനായി അപ്പൊസ്തലൻ കർത്തൃദിനത്തിനായി കാത്തിരുന്നു. കർത്തൃഅത്താഴം കർത്തൃദിനത്തിൽ ആചരിക്കുക എന്നത് ആദ്യകാല ക്രിസ്ത്യാനികളുടെ നടപടി ക്രമമായിരുന്നു എന്ന് ഏഴാം വാക്യം വളരെ ദൃഢീകരിക്കുന്നു''*** (Believers Bible Commentary പേജ്.1647). വിശുദ്ധന്മാർക്കായുള്ള ധർമ്മശേഖര ബന്ധത്തിൽ പൌലൊസ് അപ്പൊസ്തലന്റെ കൊരിന്ത്യ വിശ്വാസി

കളോടുള്ള ആജ്ഞയെ മാക്ഡൊണാൾഡ് വിശദീകരിക്കുന്നു: *''രണ്ടാം വാകൃത്തിലെ എല്ലാ ആജ്ഞയും ഒരു പ്രത്യേക ധർമ്മ ശേഖരത്തെ കുറിച്ചാണെങ്കിലും അതിൽ ചില നിലനിൽക്കുന്ന തത്വങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. സഭയായി ധർമ്മശേഖരം നട ന്നുകൊണ്ടിരുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ എന്നത് ആദ്യ മായി വെളിപ്പെടുന്നു. ആദ്യകാല വിശ്വാസികൾ അടിസ്ഥാന ചട്ടമായി ശബ്ബത്തോ അതോ ഏഴാം ദിവസ ആചാരമോ തുടർ ന്നില്ല. കർത്താവ് ഉയിർത്തത് ആഴ്ചവട്ടത്തിന്റെ ആദ്യ ദിവസ മായിരുന്നു, പെന്തെകൊസ്തനാൾ ആഴ്ചവട്ടത്തിന്റെ ആദ്യ ദിവ സമായിരുന്നു. കൂടാതെ ശിഷ്യന്മാർ അപ്പം നുറുക്കുവാൻ കൂടിവ ന്നിരുന്നത് ആഴ്ചവട്ടത്തിന്റെ ആദ്യ നാളായിരുന്നു (അപ്പൊ.20:7), ഇപ്പോൾ അവർ ചിലത് സ്വരുക്കൂട്ടിവയ്ക്കുന്നതും ആഴ്ചവട്ട ത്തിന്റെ ഒന്നാംനാൾ തന്നെ''* (Believers Bible Commentary പേജ്. 1811,1812). കൂടാതെ എ.പി.ഗിപ്സിന്റെ 'കർത്താവിന്റെ അത്താഴം' എന്ന പുസ്തകത്തിലെ 17-ാം അദ്ധ്യായംവായിക്കുക.

## ക്രിസ്താബ്ദം യെഹൂദ പാരമ്പര്യത്തെ സഭക്കായി അകറ്റിയിരിക്കുന്നു:

ക്രിസ്താബ്ദ ആരംഭത്തോടെ യെഹൂദ ആഴ്ചവട്ടഘടന യെഹൂദ ദിവസത്തിന്റെ സമയനിശ്ചയ ക്രമീകരണം മുതലായ സകലവിധ വിവാദങ്ങളും കാലഹരണപ്പെട്ടിരിക്കുന്നു. ഇതു കൃപായുഗമാണ്: ദാനിയേലിന്റെ പുസ്തകത്തിലെ യെഹൂദ ന്മാർക്കായി നിശ്ചയിച്ച ആ എഴുപതു ആഴ്ചവട്ടക്കാലത്തിനു പുറത്തുനിൽക്കുന്ന യുഗം. ആയതിനാൽ യെഹൂദ പാരമ്പര്യം സഭക്ക് ഒരിക്കലും ബാധകമല്ല. ക്രിസ്താബ്ദത്തിലെ ആഴ്ചവട്ട ത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച കൂടിവരുന്നത് ഗൾഫ് രാജ്യ ങ്ങളിൽ അത്ര എളുപ്പമായ കാര്യമല്ല. എന്നാൽ വിശ്വാസിക്ക് ആരാധന വിലയേറിയതാകയാൽ ആരാധനക്ക് ഏറെ ബുദ്ധിമുട്ട് സഹിച്ചുകൊണ്ട് അവർ ഞായറാഴ്ച തന്നെ സമയം കണ്ടെത്തും. മുസ്ലിമുകൾ ക്രിസ്താബ്ദത്തെ അംഗീകരിക്കായ്കയാൽ അവരുടെ അവധി ദിവസമായ, വെള്ളിയാഴ്ച ആരാധിക്കുവാൻ അനായാസ മാണ്. സൗകര്യാർത്ഥമെന്ന വ്യവസ്ഥ അവലംബിക്കുന്ന വിശ്വാ സികൾ ഗൾഫ് നാടുകളിൽ വെള്ളിയാഴ്ച ആരാധിക്കുകയും,

യെരുശലേമിലെ ആദ്യ വിശ്വാസികളായി 3120–തോളമുള്ളവരുടെ അടിയന്തിര നിലവാരമുള്ള അന്നത്തെ ആത്മീയ ശുശ്രൂഷകളെ തെറ്റായി ഉദ്ധരിക്കുകയും ചെയ്യുന്നു. എല്ലാ ദിവസവും അപ്പം നുറുക്കാൻ കൂടിവന്നു എന്ന വാദമുഖത്തിന് വചനത്തിൽ യാതൊരു പഴുതും ഇല്ലായെങ്കിലും അപ്പൊ.2:46–ാം വാക്യത്തിലെ ദിനംപ്രതി ആലയത്തിൽ കൂടിവന്നു എന്നതിന്റെ ക്രിയാവിശേഷണമായ '***ദിനംപ്രതി***' എന്ന പ്രയോഗം മുറിച്ചെടുത്ത് '***അപ്പം നുറുക്കി***' എന്ന ക്രിയയോടുചേർത്ത്, ദിനംപ്രതി അപ്പം നുറുക്കി യെന്നു വ്യാഖ്യാനിക്കുന്നു. എന്നാൽ മലയാള പരിഭാഷയിലെന്ന പോലെയാണ് ആ വാക്യം മൂലഭാഷയിലും കാണിച്ചിരിക്കുന്നത്; ***''ദിനം പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തിന്റെയും കൃപ അനുഭവിക്കയും ചെയ്തു''*** എന്നാണ്. എല്ലാ ദിവസവും അപ്പം നുറുക്കി എന്ന് അവിടെ ഇല്ല തന്നെ. ദൈവ വചനത്തോടുള്ള നമ്മുടെ ഉപരിപ്ലവമായ സമീപനം അനേക ആത്മീയ സത്യങ്ങളെ നമുക്ക് നഷ്ടപ്പെടുവാനിടയാക്കും.

## ഒരു വൈകാരികമായ മനോഭാവത്തിനു വേണ്ടിയല്ല കർത്തൃദിനം:

ഓർക്കുക, കർത്താവ് ആഗോളമായ ദിവസ വ്യതിയാനത്തെ ഒരിക്കലും ആരാധനയോടുള്ള ബന്ധത്തിൽ കണക്കിടുന്നില്ല. കാരണം അത് വൈകാരികമായ മനോഭാവം ജനിക്കാനിട യാക്കാം. എന്നാൽ താൻ മനുഷ്യന്റെ ഓർമ്മക്കുറവിനെ പരി ഗണിക്കുന്നു; ആയതിനാൽ കർത്താവ് പറഞ്ഞു: ''.......എന്റെ ഓർമ്മക്കായി ഇത് ചെയ്‌വിൻ'' (ലൂക്കോ.22:19). കർത്താവിന്റെ ഈ അഭ്യർത്ഥനയോടുകൂടെ നാം 1കൊരി.11:25–26, അപ്പൊ.20:7, 1കൊരി.16:1–2 ചേർക്കുമ്പോൾ വളരെ വ്യക്തമായി വെളിപ്പെടുന്ന തെന്തെന്നാൽ, അടയാളാത്മകമായി തന്റെ മരണത്തേയും ഉയിർ പ്പിനേയും ഓർത്തുകൊണ്ടാണ് നാം ''എന്റെ ഓർമ്മക്കായി ഇത് ചെയ്‌വിൻ'' എന്ന തന്റെ അഭ്യർത്ഥനയെ മാനിക്കേണ്ടതെന്ന്. ആയതിനാൽ നാം 'കർത്തൃഅത്താഴവും', 'കർത്തൃദിനവും' ആച രിച്ച് കർത്താവിന്റെ മരണത്തേയും ഉയിർപ്പിനേയും യഥാനുസ

രണം ഓർക്കുന്നു. **അങ്ങനെ ആരാധനയുടെ അടിസ്ഥാന മായിരിക്കുന്ന കർത്താവിന്റെ മരണത്തെയും ഉയിർപ്പി നേയും ഓർത്തുകൊണ്ട് ആരാധനാവേളയിൽ കർ ത്താവിനെ നാം അനുസ്മരിക്കുന്നു**. എന്നാൽ ആഗോള സമയദിശകളെ കർത്താവ് പരാമർശിച്ചിട്ടുള്ളത് കുറികൊള്ളേ ണ്ടത് തന്നെ. അത് തന്റെ തിരിച്ചുവരവിനോടുള്ള ബന്ധത്തിലായി രിക്കുന്നു. കർത്താവ് ന്യായാധിപതിയായി വീണ്ടും വരുമ്പോൾ ഭൂമിയിൽ ഒരിടത്ത് രാത്രിയായിരിക്കുമെന്ന് ഓർപ്പിക്കുന്നു: രണ്ടു പേർ ഒരു കട്ടിലിലായിരിക്കും; കൂടാതെ രണ്ട് സ്ത്രീകൾ തിരി ക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും എന്ന് കാണിച്ച് മറുയിടത്ത് അപ്പോൾ രാവിലെ ആയിരിക്കുമെന്നും ഒടുവിലായി ഉച്ചസമ യത്തെ കാണിക്കുവാൻ ഈവിധം കുറിച്ചു: രണ്ടുപേർ അപ്പോൾ വയലിലായിരിക്കും (ലൂക്കോ.17:34-36).

അങ്ങനെ കർത്തൃഅത്താഴം, കർത്തൃദിനം, കർത്തൃമേശ മുത ലായവ പ്രാരംഭമായി സത്യാരാധനയുടെ അടിസ്ഥാന സത്യങ്ങളെ ഓർമ്മപ്പെടുത്തുന്ന ശുശ്രൂഷ നിർവഹിക്കുന്നു. കർത്തൃഅത്താ ഴവും കർത്തൃദിനവും നാം അറിയുന്നപോലെ കർത്താവിന്റെ മരണത്തെയും ഉയിർപ്പിനേയും പ്രതിനിധീകരിക്കുന്നു. കർത്തൃമേ ശയോ, ആരാധനക്ക് യോഗ്യമായ ക്രിസ്തീയ ജീവിതത്തിന്റെ പവിത്രതയും, ദൈവത്തോടും കുടുംബത്തോടും, സഹോദര വർഗ്ഗത്തോടും കൂടാതെ സമൂഹത്തോടും ബന്ധപ്പെട്ട ഇടപാടുക ളേയും ഓർമ്മപ്പെടുത്തുന്നു. ഈവിധ കാര്യങ്ങൾ ദൈവവചന നിലവാരത്തിലായാൽ നമ്മുടെ ആരാധന ദൈവ സന്നിധിയിൽ നൂറുശതമാനം സ്വീകാര്യയോഗ്യമായിത്തീരും

## ദൈവത്തിന്റെ അനുവാദം തന്റെ പൂർണ്ണ അംഗീകാരമല്ല:

പലവിധ കാരണങ്ങളാൽ പെസഹ ആചാരം യഥാവിധി നിറ വേറ്റാനാകാത്ത യെഹൂദന്മാർക്കായി ഒരു അനുവാദമെന്നോണം മറ്റൊരു ഉപാധി സംഖ്യാപുസ്തകം 9:1-14 വരെയുള്ള വാക്യങ്ങ ളിൽ, മോശയിലൂടെ ദൈവം നൽകുന്നതായി വായിക്കാനാകും. ദൈവേഷ്ടപ്രകാരം പെസഹ ആചരിക്കേണ്ട ദിനം ഒന്നാം മാസം

പതിനാലാം തീയതിയാണ്. ആ നാൾ അത് ആചരിക്കുവാൻ ഇടയാകാതെ പോകുന്നവർക്ക് രണ്ടാം മാസം പതിനാലാം തീയതി പെസഹ ഐച്ഛീകമായി നിറവേറ്റാമെന്ന അനുവാദമുണ്ട്. എന്നിരുന്നാലും പൂർണ്ണ അനുഗ്രഹ പ്രാപ്തിക്കായുള്ളത് ഒന്നാം മാസത്തെ ആചാരം തന്നെയാണ്. ഭക്തരായ യെഹൂദന്മാർ ഒന്നാം മാസം പതിനാലാം തീയതി തന്നെ സമർപ്പണ മനോഭാവത്തോടുകൂടെ പെസഹ ആചരിക്കുവാൻ ഏറെ ശ്രദ്ധാലുക്കളായിരുന്നു. എന്നാൽ അവിശ്വസ്തരായ യെഹൂദന്മാർക്ക് ആ അനുഗ്രഹ ആചാരനാൾ നഷ്ടപ്പെട്ടുപോയതായും കാണാം. അപ്പൊസ്തലനായ പൌലൊസ് ഏറെ ദൈവഭക്തനായതിനാൽ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ തന്നെ അപ്പം നുറുക്കുവാനായി ത്രോവാസിൽ ഏഴു ദിവസത്തോളം കാത്തിരുന്നു (അപ്പൊ.20:6–7). നമുക്ക് അനുകരിക്കാനായി ദൈവാത്മാവ് വചനത്തിൽ നൽകിയിരിക്കുന്ന ഒരു ഉത്തമ ഉദാഹരണം തന്നെയാണത്. നമ്മുടെ സൗകര്യാനുസരണം അപ്പം നുറുക്കൽ ശുശ്രൂഷ മറ്റുദിവസങ്ങളിൽ നിശ്ചയിക്കുന്നത് ശരിയല്ല. അബ്രഹാമിന്റെ പുത്രനെ ബലികഴിച്ചു തന്നെ ആരാധിക്കേണ്ടതിനായി ദൈവം ഒരു പ്രത്യേകദിവസവും സ്ഥലവും നിശ്ചയിച്ചിരുന്നു. ആയതിനാൽ ആരാധനക്ക് അതിന്റേതായ പ്രാമുഖ്യതയും പ്രൗഢിയും നാം നൽകേണം. ദൈവം നമുക്ക് നൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടതായിവരും. ദൈവവചനത്തിലെ ആത്മീയ സത്യങ്ങളെ ഗ്രഹിക്കുവാനുതകുന്ന ഗ്രഹണശക്തി ജ്ഞാനം എന്നിവയുടെ കുറവിനു കാരണമായിരിക്കുന്നത് നമ്മുടെ അവിശ്വസ്തതയാണ്; ആയതിനാൽ ഏറെ ആത്മീയ അനുഗ്രഹം നാം നഷ്ടമാക്കുന്നു. ആത്മീയ കാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ മിക്ക വാദപ്രതിവാദങ്ങളും ആത്മാർത്ഥതയിൽനിന്നും ഉളവാകുന്നതല്ല. മറിച്ച് നമ്മുടെ സ്വാർത്ഥ സൗകര്യങ്ങളെയും ജഡിക ഇച്ഛകളെയും സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമുണ്ടാകുന്നതാണ്. ***''എന്നേക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല; എന്നേക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല''*** (മത്താ.10:37) ഈ വാക്യം നമ്മുടെ കൂടിവരവുകളുടേയും മാനദണ്ഡമാണെന്നത് നാം സൗകര്യാർത്ഥം മറന്നുകളയുന്നു. ''ഞാനും എന്റെ

കുടുംബവുമോ'' ഞങ്ങൾ ഒരിക്കലും സാത്താന്റെ ഉപകരണമാക രുതേ; ദൈവപുത്രന്റെ ചുടുനിണത്താൽ വിലക്ക് വാങ്ങിയ സഭയുടെ ആത്മീയ നിലവാരത്തിന് കോട്ടം വരുത്തി ഇടർച്ചയായി ത്തീരുവാൻ ഒരിക്കലും ദൈവമേ ഇടയാകരുതേ എന്ന പ്രാർത്ഥന നമ്മുടെ പിതാക്കന്മാർക്കുണ്ടായിരുന്നു; അത് അവരെ സ്വജഡ ത്തേയും ജഡ ബന്ധങ്ങളേയും മാനിക്കാതെ ഒരു അടിയുറച്ച ആത്മീയനിലപാട് എടുക്കുവാൻ പ്രേരിപ്പിച്ചു. അതിനാൽ പല രേയും, പലതിനേയും അവർക്ക് വിട്ടുപിരിയേണ്ടിവന്നു. അങ്ങനെ ക്രിസ്തീയ വ്യക്തിത്വം സഭാതലത്തിലും സമൂഹത്തിലും വിലമതി ക്കപ്പെടുകയുണ്ടായി. വീണ്ടും ജനനത്താൽ ഉളവാകുന്ന ആന്ത രീയ വേർപാട് സ്വയമേവ ബാഹ്യമായും വെളിപ്പെട്ടതിനാൽ അനാവശ്യവും, അനാത്മീകവുമായ അലങ്കാരങ്ങൾ ഉപേക്ഷിച്ച് ക്രിസ്തുവിന്റെ മരണനിന്ദ അവരുടെ ക്രിസ്തീയ ശരീരങ്ങളിൽ അണിയുവാൻ ഇടയായി. അത് മാനുഷീകമായ യാതൊരു പ്രേരണയാലുമായിരുന്നില്ല; ആത്മാവിനാൽ ഉളവായ ബാഹ്യ വേർപാട് മാത്രം. ***''സകലത്തിനും എനിക്ക് സ്വാതന്ത്ര്യം ഉണ്ട് എങ്കിലും സകലവും ആത്മീയ വർദ്ധന വരുത്തുന്നില്ല''***: എന്ന തിന്റെ അർത്ഥം അവർ ഗ്രഹിച്ചിരുന്നു (1കൊരി.10:23). എന്നാൽ ജഡിക സ്വാർത്ഥ താൽപര്യങ്ങളാൽ നമുക്കതിന്ന് അർത്ഥരഹിത മായി, അതിപ്രസരമായിത്തീർന്നു. ഈ മനോഭാവത്താൽ, ലോകമ യത്തെ പ്രത്യക്ഷമായും പരോക്ഷമായും നിഷേധിക്കുന്ന വചന ങ്ങളോട് നമ്മൾ ജഡിക വ്യാഖ്യാനങ്ങൾ കൂട്ടിച്ചേർക്കുന്നു. ***''ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിനു ന്യായപ്രമാണത്താൽ ന്യായപ്രമാണ സംബന്ധമായി മരിച്ചു. ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു''***; ***''ക്രിസ്തു യേശുവിന്നു ള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരി ക്കുന്നു''*** (ഗലാ.2:19-20;5:24); ***''........നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറി യേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ''*** (റോ.12:1-2); എന്നീ, സത്യാരാധനക്കായുള്ള വേർപാടു ജീവിതത്തിന്റെ അടി

ത്തറയെ വേർപാടുകാരായ നാം കടപിഴുതെറിയുന്നു. ഇന്നത്തെ നമ്മുടെ ക്രിസ്തു നിന്ദാസഹനം തീർച്ചയായും കൂടുതൽ തേജസ്സിനായി നമ്മെ പ്രാപ്തരാക്കുമല്ലോ: ***''നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ''*** (റോ.8:17). (രക്ഷയെന്ന തേജസ്സിന്മേൽ, വീണ്ടും തേജസ്സ് പ്രാപിച്ച് അതേ പ്രതിരൂപമായി രൂപാന്തരപ്പെടുവാനുള്ള കഷ്ടാനുഭവമത്രേ ഇത് റോ.8:17, 2കൊരി.3:18). നമ്മിൽ ഒരുമിക്കവർക്കും ഈ സത്യം അറിയില്ല, അറിയാൻ അത്ര താൽപര്യവുമില്ല. എന്നാൽ മോശെ ഈ സത്യം നല്ലവണ്ണം അറിഞ്ഞിരുന്നു. അത് നാം ഈവിധം വായിക്കുന്നു: ***''വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാല ഭോഗത്തെക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു''*** (എബ്രാ.11:24-26). ആയതിനാൽ മോശെ കർത്താവിനെപ്പോലെ തേജസ്കരിക്കപ്പെട്ടു മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ടവനായി കാണുന്നു (ലൂക്കൊ.9:29-31). എന്നാൽ, ഇപ്പോൾ നമുക്ക് നമ്മുടെ സൗകര്യാർത്ഥം ആരാധനക്കായി തോന്നും വിധം തോന്നിയ ദിവസത്തിൽ കൂടിവരേണം. അതുകൊണ്ട് ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുന്ന ആരാധനയിൽ ഒഴിച്ചുകൂടാനാകാത്ത ജഡമരണ അലങ്കാരത്തിനും കർത്താവിനോടുകൂടെ ഉയിർത്തെഴുന്നേറ്റ സത്യത്തെ ഓർപ്പിക്കുന്ന കർത്തൃദിനത്തിനും എതിരായി നാം വാദിക്കുന്നു. കർത്തൃഅത്താഴം കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നതുപോലെ കർത്തൃദിനം തന്റെ ഉയിർപ്പിനെ അതേ പ്രാധാന്യതയോടെ തന്നെ നമ്മെ ഓർമ്മപ്പെടുത്തുകയാണ്. കർത്താവിന്റെ മരണത്തെ ഓർക്കുവാനായി കർത്തൃഅത്താഴം ആവശ്യമാണെങ്കിൽ തന്റെ ഉയിർപ്പിനെ ഓർക്കുവാൻ കർത്തൃദിനം ഒഴിച്ചുകൂടാനാവാത്തത് തന്നെ. കർത്താവിന്റെ ഉയിർപ്പ് ഓർക്കാതെ തന്റെ മരണം മാത്രം ഓർക്കുന്നത് ജീവനുള്ള ആരാധന ആകയില്ല. മറിച്ച് കർത്താവിന്റെ മരണാനന്തര ശുശ്രൂഷമാത്രമായിത്തീരും. ഞായറാഴ്ചയിലെ അപ്പം നുറുക്കൽ ഒരു മത ആചാരമല്ല എന്നാൽ അനേക

ആത്മീയ സത്യങ്ങളോടുകൂടെ സത്യാരാധനയുടെ അടിസ്ഥാന മായ കർത്താവിന്റെ മരണ ഉയിർപ്പുകളുടെ ഓർമ്മയെ ആരാധന ക്കായി ത്വരിതപ്പെടുത്തുന്ന പ്രതീകങ്ങളാണ്.

## സ്വാർത്ഥതയോടുകൂടെയുള്ള ദൈവവചന സമീപനം:

മുകളിൽ വിവരിച്ച വചന സത്യങ്ങളെ ഉൾക്കൊള്ളാതെ കർ ത്തൃദിന വിരോധിയായ ആ ലേഖനം, അപ്പൊ.20:7; 1കൊരി.16:1-2 വാക്യങ്ങൾ സ്വാർത്ഥ താൽപര്യചായ്വോടെ അവിവേകത്തോടും, യുക്തിരഹിതമായുമാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. മുൻവിധികൂടാ തേയും ഇണവാക്യങ്ങളോടുള്ള പൊരുത്തത്തോടും സന്ദർഭ പശ്ചാത്തല ബന്ധത്തിലുമുള്ള വചനസമീപനത്താൽ മാത്രമേ പരി ശുദ്ധാത്മപ്രേരണയുള്ള വചന വ്യാഖ്യാനം ഉണ്ടാകൂ. തിരുവ ത്താഴ ആചാരം കർത്തൃദിനത്തിലെന്നത് പൊതുവേ അംഗീകരി ക്കപ്പെട്ട വചന വ്യവസ്ഥയാണ്. ആദ്യകാല വിശ്വാസികൾ കർത്തൃ ദിനത്തിലായിരുന്നു തിരുവത്താഴം ആചരിച്ചിരുന്നതെന്ന്, അപ്പൊ. 20:6-7; 1കൊരി.16:1-2 വാക്യങ്ങളെ വ്യാഖ്യാനിച്ചിരിക്കുന്ന മിക്ക വചന പണ്ഡിതരും ദൃഢീകരിച്ചിരിക്കുന്നു. ആ വിവാദ ലേഖനം പറയുന്നതുപോലെ അപ്പം നുറുക്കൽ തോന്നിയ ദിവസങ്ങളിലായി ചെയ്യേണ്ട ഒരു നിസ്സാരകാര്യമല്ല. എന്നാൽ ഓർമ്മയിൽനിന്നും അകന്നുപോയിരിക്കുന്ന കർത്താവിന്റെ മരണ ഉയിർപ്പുകളെ ബോധമനസ്സിൽ ഉൾക്കൊള്ളേണ്ടതിനു വചനം അനുശാസിക്കുന്ന നിബന്ധനകളെ പാലിച്ചുകൊണ്ടുവേണം അത് ചെയ്യേണ്ടത്. കാരണം ഇവ ആരാധനയുടെ അടിസ്ഥാനവും ഒഴിച്ചുകൂടാനാകാ ത്തവണ്ണം ആരാധന അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കേണ്ട വയും തന്നേ. പാപത്തിന്റെ ശമ്പളം മരണവും അതിന്റെ പ്രത്യാഘാതം ആത്മീയ നിശ്ചലതയും ആയതുകൊണ്ട് അത് ആത്മാവിലുള്ള ആരാധനയെ ഇല്ലാതാക്കി (സങ്കീ.115:17). കർത്താ വിന്റെ മരണം ആ മരണത്തിന് പ്രതിവിധിയായിരിക്കുമ്പോൾ തന്റെ ഉയിർപ്പ് ആ ആത്മീയ മൗനതയെ ഭഞ്ജിക്കുന്നതുമായി രിക്കുന്നു. കർത്താവിന്റെ മരണവും ഉയിർപ്പുമാണ് നമ്മുടെ ആത്മീയ ജീവനും, '***അബ്ബാ പിതാവേ***' എന്ന ആരാധനയിലെ ആത്മീയ ആഹ്ലാദത്തിനും കാരണം. ആയതിനാൽ കർത്തൃഅ ത്താഴവും കർത്തൃദിനവും നമ്മോട് പ്രസ്താവിക്കുന്നതെന്തെ

ന്നാൽ നാം കർത്താവിന്റെ മരണത്താൽ തന്നിൽ മരിച്ചുവെന്നും തന്റെ ഉയിർപ്പിൽ നാമും അഭിഷിക്തരായി ഉയിർത്ത് ദൈവത്തെ ആരാധിക്കുവാൻ യോഗ്യരായിത്തീർന്നുവെന്നുമാണ്. ഈവിധ യോഗ്യതകളാൽ നാം നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധി യുമുള്ള യാഗമായി സമർപ്പിച്ചു ലോകത്തോട് അനുരൂപരാകാതെ ദൈവത്തിനു പ്രസാദമുള്ള ആരാധന കഴിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇതൊരു ചടങ്ങായി ആചരിച്ചാൽ, ദൈവത്തിനു മഹ ത്വമോ നമുക്ക് യാതൊരു അനുഗ്രഹമോ ഉണ്ടാകുകയില്ല.

## പാപയാഗം പെസഹയുടെ പ്രതീകമല്ല:

ആത്മാവിലും സത്യത്തിലുമുള്ള ആരാധനക്കായി വേണ്ട ആ ത്മീയ വീണ്ടെടുപ്പ് (ആത്മീയ കഴുകൽ) വിശ്വാസിയിൽ ഒരിക്ക ലായി നടന്നുകഴിഞ്ഞു (റോ.8:30;8:1). എന്നാൽ അവന്റെ അനുദിന അകൃത്യങ്ങൾ അകറ്റുവാൻ പുതുതായി കഴുകൽ പ്രാപിക്കേണ്ടി യിരിക്കുന്നു. ആയതിനാൽ കർത്തൃഅത്താഴത്തിൽ പങ്കാളികളാ കുന്നതിന് മുൻപേ സ്വയം ശോധന ചെയ്യേണമെന്നു പൌലൊസ് അപ്പൊസ്തലൻ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട് (1കൊരി.11:27-29). ***''നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെ ത്തന്നേ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു''*** (1യോ.1:8-9). ഈ വാക്യങ്ങൾ മുകളിലെ 1കൊരി.11:27-29 വാക്യങ്ങളുടെ പൂരകങ്ങളാണ്. ഈവിധം കർത്താവിന്റെ സമ്പൂർണ്ണമായ യാഗ ത്താൽ നാം ആരാധനക്ക് യോഗ്യരായിത്തീർന്നിരിക്കുന്നു. ആത്മ രക്ഷക്കായി തന്റെ പെസഹായാഗരക്തം നമ്മുടെ ആത്മാവിനെ ഒരിക്കൽ എന്നേക്കുമായി കഴുകി: (***''അതുകൊണ്ടു ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല''*** റോ.8:1). വിശ്വാസിയുടെ ലംഘനങ്ങൾ നിമിത്തം താൻ ബാല ശിക്ഷ (ശരീരതലത്തിലെ ശിക്ഷ) സഹിക്കേണ്ടിവരുമെന്നും 1കൊരി.11:29ൽ വായിക്കുന്നു. അനുദിന ലംഘനങ്ങളുടെ കഴുക ലിനായി കർത്താവിന്റെ പാപയാഗരക്തം നമുക്കായി എന്നേക്കും നിലനിൽക്കുന്നു (1യോ.1:8-9). ആയതിനാൽ കർത്താവ് പത്രൊ

സിന്റെ കാൽ കഴുകി ഉദാഹരിച്ചതുപോലെ നമ്മുടെ അനുദിന ലംഘനങ്ങളുടെ കഴുകൽ നാം കർത്താവിൽനിന്നും പ്രാപിക്കേണ്ട താണ് (യോഹ.13:8). പത്രൊസിന് ആത്മതലത്തിലുള്ള പാപ മോചനം, ക്രൂശിൽ ചൊരിയാനിരുന്ന കർത്താവിന്റെ നിത്യാത്മ രക്തത്തിന്റെ മുൻശക്തിയാൽ ലഭിച്ചതാണെന്ന് കർത്താവ് തന്നെ വെളിപ്പെടുത്തിയല്ലോ (യോഹ.13:10). ഈവിധം ആരാധനക്ക് മുമ്പേ വിശ്വാസി തന്റെ *ലംഘനപാപങ്ങൾക്കായി കർത്താവിന്റെ പാപയാഗ രക്തത്താൽ കഴുകൽ പ്രാപിക്കേണ്ടതാണ്. ലേവ്യ പുസ്തകത്തിലെ പാപയാഗം കർത്താവിന്റെ പെസഹായാഗ ത്തിന്റെ പ്രതീകമല്ല; അത് ആരാധനായോഗ്യതയ്ക്കായുള്ള യാഗം മാത്രമാണ്. 1യോഹ.1:9ൽ കാണുന്ന ലംഘനപാപങ്ങളിൽനിന്നുള്ള യഥാസ്ഥാനം ആരാധനയ്ക്ക് തൊട്ടുമുൻപായി പ്രാപിക്കേണ്ടതാ യല്ല മറിച്ച് ആത്മനിറവിലുള്ള ക്രിസ്തീയജീവിതത്തിനും അതേ ത്തുടർന്നുള്ള ആരാധനക്കുമാണ് (റോ.12:1-2).

# *3*

# തിരുവചനത്തിലെ ആരാധനയെന്ന പരാമർശങ്ങളെല്ലാം ക്രിസ്തുവിന്റെ മാർമ്മീക ശരീരമായ സഭയുടെ സത്യാരാധനാബന്ധത്തിലാണെന്ന തെറ്റായ വ്യാഖ്യാനത്തോടുള്ള പ്രതികരണം:

## 'വ്യക്തിഗത-സമൂഹ' ആരാധനയും 'സംയുക്ത-ഉടമ്പടി' ആരാധനയും:

വേദപുസ്തകം പ്രത്യക്ഷത്തിൽ രണ്ടുവിധ ആരാധനകളെ ചിത്രീകരിക്കുന്നുണ്ട്; ഒന്ന് 'വ്യക്തിഗത-സമൂഹ' ആരാധന മറ്റൊന്ന് 'സംയുക്ത-ഉടമ്പടി' ആരാധന. സകല യിസ്രായേല്യ രേയും പ്രതിനിധീകരിച്ചുകൊണ്ട് അതിവിശുദ്ധയിടത്തിലെ മഹാ പുരോഹിതന്റെ ആരാധന 'സംയുക്ത-ഉടമ്പടി' ആരാധനയെ കാണിക്കുന്നു. ആ ചുമൽകണ്ടവും പതക്കവും അഹരോൻ ധരി ച്ചുകൊണ്ട് താൻ പ്രതീകാത്മകമായി സകല യിസ്രായേല്യരേയും

---

*29-ാംപേജ്നോക്കുക.

ഗോത്രങ്ങൾ എന്നോണം തന്നിൽ ഉൾക്കൊണ്ടു (പുറ.28:12–29). ക്രിസ്തു തലയായി തന്റെ ശരീരമായ സഭ ഇന്ന് ചെയ്യുന്ന സത്യാരാധനയുടെ നിഴലാണല്ലോ ഈ ‘സംയുക്ത-ഉടമ്പടി’ ആരാധന. പുതിയനിയമ വ്യവസ്ഥയിലുള്ള ശരിയായ ആരാധന ‘സംയുക്ത-ഉടമ്പടി’ ആരാധനയാണ്: സഭ ക്രിസ്തുവിന്റെ മാർമ്മീക ശരീരമായും ക്രിസ്തു സഭയുടെ തലയായും, സഭ തലയായ ക്രിസ്തുവിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുന്നു. ക്രിസ്തുവിന്റെ അഭിഷിക്ത ശരീരത്തോട് സംയോജിക്കപ്പെട്ടു ഒരു ശരീരമെന്നോണം നാം ആരാധിക്കുന്നു (കൊലൊ.3: 15–17; 1കൊരി.10:16–17; 12:13മുതലായവ). അങ്ങനെ നമ്മുടെ ആരാധനയെ പിതാവായ ദൈവം തന്റെ സ്വന്ത പുത്രന്റെ ആരാധനയായിതന്നെയാണ് കണക്കിടുന്നത്. നിഴലായി, സമാഗമന കൂടാരത്തിലെ അതിവിശുദ്ധസ്ഥലത്ത് ആരാധിക്കുന്ന മഹാപുരോഹിതന്റെ പൊരുളായി ക്രിസ്തുവിനെ പുതിയനിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നു (എബ്രാ.8:14). മൽക്കിസേദെക്കിൻ ക്രമപ്രകാരം ക്രിസ്തു തന്റെ വീണ്ടെടുക്കപ്പെട്ടവരെ സ്വന്തം അഭിഷിക്ത ശരീരത്തോട് ചേർത്തിരിക്കുന്നുവല്ലോ (1കൊരി.12:13). അങ്ങനെ ഇപ്പോൾ പിതാവിന്റെ വലതുഭാഗമായ യഥാർത്ഥ അതിവിശുദ്ധ സ്ഥലത്ത് സഭ ക്രിസ്തുവിന്റെ മാർമ്മീക ശരീരമായി പിതാവായ ദൈവത്തെ എല്ലാ കർത്തൃദിനങ്ങളിലും ആരാധിക്കുന്നു (എബ്രാ. 6:19–20,8:14). ഈ സത്യമാണ് ആരാധനാതൽപ്പരയായ ആ ശമരിയാസ്ത്രീയോട് കർത്താവ് വെളിപ്പെടുത്തിയത്: ***‘‘....ഞങ്ങളോ അറിയുന്നതിനെ.....ആരാധിക്കുന്നു’’*** (യോഹ.4:22). ഇവിടെ കർത്താവ് തന്നെത്തന്നെ സത്യാരാധനയോടുചേർത്തു പരിഗണിച്ചിരിക്കുകയാണ്. കാരണം താൻ പറഞ്ഞു: *‘‘ഞങ്ങളോ’’ എന്ന്. തീർച്ചയായിട്ടും അപ്പോൾ കർത്താവ് തന്റെ നിഴലായ മഹാ

*ഈ വചനഭാഗം റോ.2:28നോട് ചേർത്ത് ചിന്തിക്കേണ്ടിയിരിക്കുന്നു. അത് ഈ വിധമാണ്: ‘‘പുറമേ യെഹൂദനായവൻ യെഹൂദനല്ല പുറമേ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല; അകമേ യെഹൂദനായവനത്രേ യെഹൂദൻ’’.

നമ്മുടെ കർത്താവ് രണ്ടു നിലകളിലാണ് ആരാധന സ്വീകരിക്കുന്നത്. ഒന്നാമതായി ത്രിത്വത്തിലെ പുത്രനാം ദൈവമെന്നോണവും പിന്നെ മാനവരാശിയുടെ വീണ്ടെടുപ്പുകാരനായ അറുക്കപ്പെട്ടകുഞ്ഞാട് എന്ന നിലയിലും. അതേസമയംതന്നെ സഭയുടെ തലയെന്നോണം തന്റെ മാർമ്മീക ശരീരമായ സഭയുടെ ആരാധനയെ തന്റെ അഭിഷിക്തതലയിലൂടെ ദൈവസന്നിധിയിൽ സ്വീകാര്യയോഗ്യമാക്കുന്നു. ഈ സത്യമാണ് അതിവിശുദ്ധസ്ഥലത്തെ അഭിഷിക്ത മഹാപുരോഹിതൻ നിഴലായി പഴയനിയമത്തിൽ വെളിപ്പെടുത്തിയത്. ഈ ശുശ്രൂഷക്കായിത്തന്നെ നമ്മുടെ കർത്താവ് മൽക്കിസേദെക്കിൻ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുൻകൂട്ടി നമുക്കുവേണ്ടി തിരശീലയ്ക്ക് അകത്തേക്ക് പ്രവേശിച്ചിരിക്കുന്നു (എബ്രാ.6:19–20; 8:5–6). ക്രിസ്തു എന്ന വ്യക്തിത്വം ഏറെ മാർമ്മീകമായതുതന്നേ; അത്ര എളുപ്പത്തിൽ ക്രിസ്തുവെന്ന വ്യക്തിത്വത്തെ സംഗ്രഹിക്കാനാകയില്ല.

പുരോഹിതന്റെ സംയുക്ത-ഉടമ്പടി ആരാധനയെയാണ് പരാമർശിച്ചത്. കൃപയ്ക്ക് ആധാരമായ, (പെട്ടകത്തിലെ) മന്ന, പത്തു കൽപനയുടെ കൽപലക, അഹരോന്റെ തളിർത്തവടി എന്നിവകളുടെ പൊരുളായ ക്രിസ്തുവിന്റെ പൂർണ്ണവ്യക്തിത്വം (തന്റെ ജനനം, ജീവിതം, മരണം, ഉയിർപ്പ്, അഭിഷേകം എന്നിവ) സത്യാരാധനയുടെ അടിസ്ഥാനമാണ്. അതിനാൽ സത്യാരാധന തന്നിലെ അഭിഷിക്ത മഹാപുരോഹിതന്റേതായി കണക്കാക്കപ്പെടുന്നു. ഈ ഔദ്യോഗിക ശുശ്രൂഷയാണല്ലോ മൽക്കിസേദെക്കിൻ ക്രമപ്രകാരമുള്ള മഹാപുരോഹിതനായി അതിവിശുദ്ധസ്ഥലമായ പിതാവിന്റെ വലതുഭാഗത്ത് പൊരുളായി ക്രിസ്തു ഇപ്പോൾ ചെയ്യുന്നത് (എബ്രാ.8:1-4). അഹരോന്യ ക്രമപ്രകാരമുള്ള ആരാധന നിഴലായി നൽകിയ ദൈവം അതിന്റെ പൊരുളായി പുത്രനായ ക്രിസ്തുവിൽ അത് നിറവേറേണ്ടതിനായി ആശിച്ചിരുന്നു (യോഹ.4:23; എബ്രാ. 8:56; പുറ.25:40).

## തിരിച്ചറിവില്ലായ്മതന്നെ ഇന്നത്തെ പ്രശ്നകാരണം

നമ്മിൽ ഒരുമിക്കപേർക്കും, 'വ്യക്തിഗത-സമൂഹ' ആരാധനയും 'സംയുക്ത-ഉടമ്പടി' ആരാധനയും തമ്മിൽ തിരിച്ചറിയാനാകാത്തതുതന്നെ ഇന്നത്തെ പ്രശ്നത്തിന്റെ യഥാർത്ഥ കാരണം. ഈവിധമായ തരംതിരിവ് ആരാധനാബന്ധത്തിൽ ഉണ്ടെന്ന് അറിയില്ല പോലും. നമ്മൾ വിഷയീഭവിപ്പിച്ച ലേഖനം ഈ രണ്ടു വിധ ആരാധനകളേയും ഒരേ നിലയിലെണ്ണി പലപല വചനഭാഗങ്ങൾ അസ്ഥാനത്തായി ഉദാഹരിച്ചുപോയി. 'സംയുക്ത-ഉടമ്പടി' ആരാധന മാത്രമേ യഥാർത്ഥത്തിൽ സത്യാരാധനയായി കണക്കിടാവൂ. അതിൽ ഒഴിച്ചുകൂടാനാകാത്ത ചില മാനദണ്ഡങ്ങൾ അടങ്ങിയിട്ടുണ്ട്: രണ്ടോ അതിൽ കൂടുതലോ ഉള്ള എ ണ്ണ, കൂടാതെ കർത്താവിന്റെ മേശ, കർത്തൃഅത്താഴം, കർത്തൃദിനം എന്നിവ അതിന്റെ അടിസ്ഥാന അനിവാര്യ പ്രതീക ഘടകങ്ങൾതന്നെ. കൃപാസന *പെട്ടകത്തിലെ അഹരോന്റെ ഉണങ്ങിയ അവസ്ഥയിൽ നിന്നും വീണ്ടും തളിർത്ത വടി മഹാപുരോഹിതനായ ക്രിസ്തുവിന്റെ മരണ-ഉയിർപ്പിനെ നിഴലായി കാണിക്കുന്ന, അതിവിശുദ്ധ

*സമാഗമനകൂടാരവും അതിലെ വ്യക്തിഗത ശുശ്രൂഷകളും പഴയനിയമത്തിൽ വെളിപ്പെടുന്ന പുതിയനിയമ സംയുക്ത-ഉടമ്പടി ആരാധനയുടെ നിഴലുകളാണ്. അത് പഠനവിഷയംതന്നെ.

സ്ഥലത്തിലെ പ്രതീകമാണല്ലോ. ആ തളിർത്തവടി നിറവേറ്റിയ ശുശ്രൂഷയാണ്, മേശയിന്മേലുള്ള കർത്തൃഅത്താഴവും, കർത്തൃ ദിനവും സത്യാരാധനയിൽ ഇന്ന് നിർവ്വഹിക്കുന്നത്. ഈ മാന ദണ്ഡങ്ങൾ പാലിക്കാതെ ആരാധനക്കായി കൂടിവന്നാൽ അത് ക്രിസ്തുവിന്റെ മാർമ്മീക ശരീരത്തിന്റെ ആരാധനയാകില്ല. മറിച്ച് സൃഷ്ടിയെന്നോണവും മറ്റും ഒരുമിച്ചു ദൈവത്തിന് നന്ദി കരേറ്റു ന്നത് മാത്രമായിത്തീരും. **നൂറാം സങ്കീർത്തനത്തിൽ സകല ഭൂവാസികളോടും ഇപ്രകാരം ദൈവത്തെ സ്തുതിക്കുവാൻ ആഹ്വാനം ചെയ്യുന്നുണ്ടല്ലോ**. വ്യക്തിഗത ആരാധ നക്ക് യാതൊരുവക മാനദണ്ഡവും പാലിക്കേണ്ടതില്ല. ദൈവത്തെ സ്തുതിക്കുക. വാഴ്ത്തുക. പുകഴ്ത്തുക, മഹത്വീകരിക്കുക എന്നീ ക്രിയകളായി മാത്രം അവ തീരുന്നു. എന്നാൽ ക്രിസ്തുവിന്റെ അഭിഷിക്ത ശരീരമെന്നോണം മേൽവിവരിച്ച മാനദണ്ഡങ്ങൾ പാലിച്ച് സഭ ഇത് ചെയ്യുമ്പോൾ അത് മൽക്കിസേദെക്കിൻ ക്രമ പ്രകാരമുള്ള മഹാപുരോഹിതനിൽനിന്നെന്നോണം ദൈവസന്നിധി യിൽ സുഗ്രാഹ്യവാസനയായ സത്യാരാധനയായിത്തീരുന്നു (ഈ 'സംയുക്ത-ഉടമ്പടി' ആരാധനയുടെ ഭാഗഭാകുകൾ ആകേണ്ട തിന്റെ യോഗ്യതകൾ പഠനവിഷയം തന്നെ). ദൈവവ്യവസ്ഥ വിട്ടു കൊണ്ടുള്ള യാഗങ്ങൾ പൂജാഗിരികളിലെ യാഗങ്ങൾ ആയിത്തീ രുമല്ലോ.

## മാനവരാശിയെ സംയുക്തമായി പ്രതിനിധീകരിക്കുന്ന രണ്ട് ശിരസ്സുകൾ (The federal heads)

നാം അറിയുന്നതുപോലെ ആദ്യ ആദം സകല ശാപഗ്രസ്ത രേയും സംയുക്തമായി ഉൾക്കൊണ്ടിരിക്കുന്ന ആദ്യ ശിരസ്സാണ് (കൊരി.15:47–49). അവൻ ആത്മീയപാപം ചെയ്തു ആത്മീയ മരണവും അതിന്റെ പ്രത്യാഘാതമായി ആത്മീയ മൗനതയും നമ്മിൽ ഉളവാക്കി (സങ്കീ.115:17). എന്നാൽ ഒടുവിലത്തെ ആദാ മായ നമ്മുടെ കർത്താവ്, തന്റെ രക്തത്താൽ ശാപം മാറിയ പുതിയ സൃഷ്ടികളുടെയെല്ലാം സംയുക്ത തലയായിരിക്കുന്നു. തന്നിൽ നാം, ആദാമിൽ നഷ്ടപ്പെട്ട ആത്മീയ ജീവനും ആത്മീയ ആരാധനയും വീണ്ടും പ്രാപിച്ചു. ഈ ആത്മീയ 'സംയുക്ത-

ഉടമ്പടി' ആരാധനക്കായിട്ടായിരുന്നു ദൈവം യുഗങ്ങളോളം കാത്തിരുന്നത്(യോഹ.4:23).

........................(തുടരും)

## 25-ാം പേജിലെ കുറിപ്പിന്റെ വിശദീകരണം

റോ.7:7-19 വരെയുള്ള വചനഭാഗങ്ങളുടെ അടിസ്ഥാനത്തിൽ അതിക്രമം+കൽപ്പന=പാപം എന്ന് കാണാം. ഈ സമവാക്യം ഉപയോഗിച്ച് ആദാമിൽ ഉണ്ടായ മരണത്തെ നമ്മൾക്ക് ഈവിധം കാണാനാകും: ആ ഫലം തിന്നരുത് എന്ന ദൈവകൽപ്പന അനുസരിക്കാതെ ആദാം അത് തിന്നു, അത് അവന്റെ അതിക്രമം. അപ്പോൾ സമവാക്യം: ഫലം തിന്നരുത്(ദൈവകൽപ്പന)+ഫലം തിന്നു(ആദാമിന്റെ അതിക്രമം)=ആദാമിന്റെ പാപം. അങ്ങനെ ആദാമിന്റെ അതിക്രമം പാപമായിത്തീർന്നു അവൻ ആത്മാവിൽ മരിച്ചു. എന്നാൽ പുതിയനിയമ വിശ്വാസികൾക്കായി അവരുടെ കർത്താവ് ന്യായപ്രമാണമെന്ന കൽപ്പനകൾ നിറവേറ്റി മാറ്റിയിരിക്കുന്നു, തന്റെ ജീവിത-മരണ-ഉയർപ്പിനാൽ തന്നെ (കൊലോ.2: 14-15; എഫെ.2:15; ഗലാ.4:5; 1കൊരി.15:55-56; റോ.10:4 മുതലായവ). ആയതിനാൽ ഇപ്പോൾ ന്യായപ്രമാണം വിശ്വാസിക്ക് ബാധകമാകാതെ ശക്തിരഹിതമായിത്തീർന്നു (1കൊരി.15:55-57). അങ്ങനെ വിശ്വാസിക്ക് മറ്റൊരു സമവാക്യമുണ്ടായി, അതായത് പാപം-(ന്യൂനം)ന്യായപ്രമാണം=അതിക്രമം. കൽപ്പനരഹിതമായ അതിക്രമം രണ്ടാംമരണത്തിന് (നരകത്തിന്) കാരണമാകുന്നില്ല. റോമ.7:8; 5:13 മുതലായ വചനഭാഗങ്ങൾ ഈ സത്യം വളരെ വ്യക്തമായി ഈവിധം ഗ്രഹിപ്പിക്കുന്നു: ***''ന്യായപ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു''*** (റോ.7:8); ***''എന്നാൽ ന്യായപ്രമാണം ഇല്ലാതിരിക്കുമ്പോൾ പാപത്തെ കണക്കിടുന്നില്ല''*** (റോ.5:13). ആയതിനാൽ വിശ്വാസിയുടെ അതിക്രമത്തിനു അവനെ നരകത്തിനായി വിധിക്കാനാവില്ല. കാരണം ന്യായപ്രമാണം വിശ്വാസിക്ക് ബാധകമല്ല തന്നെ. വിശ്വാസിയുടെ അതിക്രമം അവനു രണ്ടാംമരണം വരുത്തുകയില്ല എന്നത് സത്യം തന്നെ. എങ്കിലും തന്റെ നീതിമാനായ പിതാവാം ദൈവം അത് അവന്റെ തിരുത്തൽ നടപടിയായ ബാലശിക്ഷക്കായി സഗൗരവം കണക്കിടുകതന്നെ ചെയ്യും (1കൊരി.11: 29-30). ആയതിനാൽ

ഇപ്പോൾ ഒരു പുതിയ സമവാക്യം വിശ്വാസിക്കായി സ്വയമേവ ഉളവായിവരുന്നു അത് ഇങ്ങനെ: അവന്റെ അതിക്രമം+പിതാവിന്റെ സ്നേഹത്തിരുത്തൽ നടപടി (എബ്രാ.12:7)=അവന്റെ ബാലശിക്ഷ (ശരീരതലത്തിൽ): ***''ഇത് ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നുവെങ്കിലോ ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ (രണ്ടാം മരണത്തിൽ) അകപ്പെടാതിരിക്കേണ്ടതിന് കർത്താവ് നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു''*** (1കൊരി. 11:30–32). ഈവിധം വിശ്വാസിയുടെ അതിക്രമങ്ങൾ ബാലശിക്ഷക്കായി ഈ ലോകത്തിൽ ഗുരുതരമായിത്തന്നെ കണക്കിടുമെന്നതിനാൽ അതിന്റെ മുന്നറിവിനായിട്ടാണ് അവന്റെ അതിക്രമത്തെ ***'അതിക്രമ പാപമെന്ന്'*** നാമകരണം ചെയ്തിരിക്കുന്നത്. (ഇതിലും കൂടുതലായി വിവരണം ആവശ്യമെങ്കിൽ കാണിച്ചിരിക്കുന്ന മൊബൈലിൽ വിളിച്ചാലും).

Mob:+919446762678,+919633488453

---

ആ വിവാദ ലേഖനം അതേപടി തുടർന്നുള്ള താളുകളിൽ

| UNDERSTANDING THE REQUIREMENTS OF GOD | | |
|---|---|---|
| Lord Jesus initiating the remembrance of the new Holy sacrifice of the Passover lamb – Lord Jesus Himself<br><br>Tradition - The lamb without blemish was carefully chosen and kept four days. Then the head of the family, Who was the representative, slew the lamb. | Matt 26:2<br><br>26:17<br><br>26:26 | 2. Ye know that after two days is the feast of the passover, and the Son of man is betrayed to be crucified.<br>17. Now the first day of the feast of unleavened bread the disciples came to Jesus, saying unto him, Where wilt thou that we prepare for thee to eat the passover?<br>26. And as they were eating, Jesus took bread, and blessed it, and brake it, and gave it to the disciples, and said, Take, eat; this is my body. |
| The remembrance - Exodus 12:13 says, "The blood will be a sign for you on the houses where you are; and when I see the blood, I will pass over you. No destructive plague will touch you when I strike Egypt."<br><br>The Passover sacrifice is to pass over from sin to peace – is related to both sin offering and peace offering.<br>The peace offering always followed the sin offering. It is a picture of our fellowship with our Lord. All of this is typified by the peaceful fellowship which the one who partakes of the Passover meal experiences. "But if we walk in the light, as He is in the light, we have fellowship with one another, & the blood of Jesus, His Son, purifies us from every sin" - 1 John 1:7. | Luke 22:19 | And he took bread, and gave thanks, and brake it, and gave unto them, saying, This is my body which is given for you: **this do in remembrance of me.**<br><br>Depicts the change of the normal animal sacrifice to the HOLY SON of GOD once and for all sacrifice. |

| | | |
|---|---|---|
| The Passover was not only a sacrifice, it was a festive meal. It later became the basis of what is known in the Law as the "peace offering." The peace offering was not an offering for peace; it was a meal eaten together by people who were at peace with one another. Later, in the temple days, the peace offering was shared with the priests, who represented God, and the offerer. It became a feast between God and man. | | |
| Why do we need to continue to keep this feast of passover remembrance in todays life?<br>Anti-type of the Jewish Passover:<br><br>as in verse 8 -"let us celebrate the feast with to remove the leaven of malice and wickedness; but with the unleavened bread of sincerity and truth<br>Referring to old testament law." to the Lord's Supper- "Christ our Passover hath been sacrificed."<br><br>For **as often as** we receive the Blood of the Lord, we proclaim the death of the Lord. Who was slain for all, so whenever forgiveness of sins is granted, we receive the Sacrament of His Body, that through His Blood there may be remission of sins. The connection between the Lord's Supper and the Jewish Passover as an antitype, is powerful and obvious in scripture. | 1 Cor 5:7-8.<br><br><br><br><br><br><br><br>Old test comparison Exodus 34:25 | 7. Purge out therefore the old leaven, that ye may be a new lump, as ye are unleavened. For even Christ our passover is sacrificed for us:<br><br>8. Therefore let us keep the feast, not with old leaven, neither with the leaven of malice and wickedness; but with the unleavened bread of sincerity and truth.<br><br>Thou shalt not offer the blood of my sacrifice with leaven; neither shall the sacrifice of the feast of the passover be left unto the morning. |
| Why do we need to partake of the | I Corinth | Ye cannot drink the cup |

| | | |
|---|---|---|
| bread and wine?<br>– it is to confirm we belong to the Kingdom of God. To show we are separated from the world.<br><br>One of our worship is thanking God for the Passover lamb.<br>– which can be everyday or often or week once or month once –If we do it often, this remembrance will motivate us –NOT to partake from the table of the devil – doing devils wish, because we are weak in nature. This memorial will strengthen us to walk in faith. | 10:21 | of the Lord, and the cup of devils: ye cannot be partakers of the Lord's table, and of the table of devils. |
| Why Peter was persistent – not to neglect this remembrance?<br><br>Highlighting the promise of God to remember the prophesy of God being fulfilled in this earth through Lord Jesus. | II Peter 1: | 10. Wherefore the rather, brethren, give diligence to make your calling and election sure: for if ye do these things, ye shall never fall:<br>11. For so an entrance shall be ministered unto you abundantly into the everlasting kingdom of our Lord and Saviour Jesus Christ.<br>12. Wherefore I will not be negligent to put you always in remembrance of these things, though ye know them, and be established in the present truth.<br>17. For he received from God the Father honour and glory, when there came such a voice to him from the excellent glory, This is my beloved Son, in |

| | | |
|---|---|---|
| | | whom I am well pleased. |
| Why do we need to remember the deeds of Lord Jesus? – to be perfect before God | Rev 3:2, 3 | 2. Be watchful, and strengthen the things which remain, that are ready to die: for I have not found thy works perfect before God.<br>3. Remember therefore how thou hast received and didst hear; and keep [it], and repent. If therefore thou shalt not watch, I will come as a thief, and thou shalt not know what hour I will come upon thee. |
| | | |
| breaking of bread is listed among the spiritual disciplines of believers – they did this steadfastly – not mandated on a certain day. | Acts 2:42 | And they continued steadfastly in the apostles' doctrine and fellowship, and **in breaking of bread**, and in prayers. |
| first day of the week – was one of the days when they CAME together to break bread, due to the reason that Paul had to depart the next day. (First day of the week is usually Saturday evening after the Sabbath rest, *God said "from even unto even, shall ye celebrate your sabbath." -Lev 23:32, that is Friday 6pm to Saturday 6pm, so next week starts evening 6pm on Saturday.*<br><br>*Genesis 1:5 - shows how Gods see's a day - counting of time, "evening (night) and morning (day) is one "day" counted sunset to sunset. The same God taught them how to* | Acts 20:7<br><br>Levit 23:32<br><br>Gene 1:5 | And upon the first day of the week, **when** the disciples **came together to break bread**, Paul preached unto them, ready to depart on the morrow; and continued his speech until midnight.<br><br>It shall be unto you a sabbath of rest, and ye shall afflict your souls: in the ninth day of the month at even, from even unto even, shall ye celebrate your sabbath.<br><br>And God called the light |

| | | |
|---|---|---|
| *calculate days and months when consecrating a Sabbath day for them during Moses time– again sunset to sunset. This effects all other relevant statements in Bible.*<br><br>They started at start of the first day – means early evening, for a long speech till night sleeping hour, that one man fell down from the window. English Translation and our customs are different from Jewish life. We usually confuse with our Georgian calendar life style and forget about God's standards put in their lives. We need to read the Greek version of the Bible to understand this better – even English lost its true worth.<br><br>No matter what - the day of coming together is not mandated nor is it important to break bread as a congregation on one special day – but all days or any dat. See below comments on 1Cor. 11 -that Paul tells the Corinthians that they are not to come together for an ordinary meal - i.e. if they are hungry they should eat at home. That by itself proves that they were coming more frequently than the weekly meetings – where they came thinking they could eat in large amounts. | | Day, and the darkness he called Night. And the evening and the morning were the first day. |
| Putting in order – the eating for hunger and eating to remember Lord Jesus | I Corinth 11:20 | When ye come together therefore into one place, this is not to eat the Lord's supper.<br>22. What? have ye not houses to eat and to drink in? |

| | | |
|---|---|---|
| | | 24. And when he had given thanks, he brake it, and said, Take, eat: this is my body, which is broken for you: this do in remembrance of me.<br>26. For as often as ye eat this bread, and drink this cup, ye do shew the Lord's death till he come.<br><br>33. Wherefore, my brethren, when ye come together to eat, tarry one for another. |
| Paul is quoting the words of the Lord himself. The phrase "as often" indicates that the frequency of partaking of the bread and wine is flexible. Coming together as a body to do this is an important point of meditation not only on the commitment we made personally to Christ when we were baptized and also participated symbolically in the Lord's death and resurrection but that we are doing so together in fellowship with a like-minded community. We find the true meaning of the Lord's sacrifice in our willingness to serve our brothers and sisters as he did. | I Corinth 11:23-26 | 23 For **I received from the Lord** that which I also delivered to you: that the Lord Jesus on the same night in which He was betrayed took bread; 24 and when He had given thanks, He broke it and said, "Take, eat; this is My body which is broken for you; do this in remembrance of Me." 25 In the same manner He also took the cup after supper, saying, "This cup is the new covenant in My blood. This do, **as often** as you drink it, in remembrance of Me."<br>26 For **as often as you eat this bread and drink this cup**, you proclaim the Lord's death till He comes. |
| First day of week – collection of tithe | 1 | Now concerning the |

| | | |
|---|---|---|
| – due to convenience and availability of all people. | Corinthians 16:1,2 | collection for the saints, as I have given order to the churches of Galatia, even so do ye. **Upon the first day of the week** let every one of you lay by him in store, as God hath prospered him, that there be no gatherings when I come. |
| **If the bread and wine is not taken in symbolic manner** – then we are in trouble for using leavened bread during partaking of bread in todays world - It is utterly unthinkable that any leavened bread would be even in the room, let alone eaten by Jesus in direct violation of the Law of Moses. Ex 12:18-20; 34:25<br><br>Jesus instituted communion during the days of unleavened bread and the upper room was prepared specifically for the feast of unleavened bread which would require the removal of all leaven including leavened bread and leavened wine.<br><br>The juice is never referred to as wine (oinos) but **fruit of the vine**, or grape juice. Jesus did not use leavened bread or leavened grape juice (wine). Obviously then grape juice that has no yeast added. There is no evidence of fermentation from the Greek. It also cannot be proven to be wine with yeast from the Greek.<br><br>New testament bread only | Matthew 26:17<br><br>I Cor 5:7,8 | And the first day of unleavened bread, when they killed the passover, his disciples said unto him, Where wilt thou that we go and prepare that thou mayest eat the passover?<br><br>7. Purge out therefore the old leaven, that ye may be a new lump, as ye are unleavened. For even Christ our passover is sacrificed for us:<br><br>8. Therefore let us keep the feast, not with old leaven, neither with the leaven of malice and wickedness; but with the unleavened bread of sincerity and truth. |

| | | |
|---|---|---|
| symbolizes I Cor 5:8 – there is no prominence in the material we eat to affect the validity of the consecration, but our internal behavior of leaven does – God does not accept a person with bad attitude or cold heart to offer sin and peace offering. He wants to see a loving heart. | | |
| So what is Partaking of bread and wine – it is a feast by an ordinance to be kept forever in all generation.<br>It is a memorial or remembrance of God's deliverance.<br><br>We worship God for many reasons – and one of the greatest reason to worship God is the Passover from hell to heaven – usually done once a year. But now we celebrate this memorial as often as possible.<br><br>Worshipping God needs to be done in every activity of our life, remembering the Passover lamb – Lord Jesus need to be done frequently to uphold our integrity of our sinful nature which reminds us that we belong to God and helps us to not to profane our life with evil deeds.<br><br>People usually confuse between worship and memorial remembrance of the Passover lamb.<br>We were made to worship God and live for his glory.<br><br>Just as the Hebrews would offer a | Exodus 12:14 | And this day shall be unto you for a memorial; and ye shall keep it a feast to the LORD throughout your generations; ye shall keep it a feast by an ordinance for ever. |

| | | |
|---|---|---|
| sacrifice, be cleansed, and again enter God’s presence. So, we too have a sacrifice. Christ has died as our atoning sacrifice, his blood has been spilt so we can be cleansed and again enter God’s presence.<br><br>Maybe we haven’t focused on God until right now. Maybe we haven’t been honest about our sin or struggles but now because of Christ we see that we are free to own our sin and are cleansed. Now is the time to worship. Then we stand together as a Church (a gathering of people) to give God the praise HE deserves. ( We can worship God in the morning, afternoon, evening, every minute of our life)<br>BUT, God will not accept our worship if we are not cleansed by the blood of the lamb.<br><br>There is no use remembering Lord Jesus death and resurrection and not honoring God by worshiping HIM with our lives and our words.<br>GOD expects us to WORSHIP Him. We read in Romans 14:23, "For whatever is not from faith is sin." If our worship is not "by faith" – as proved in Hebrews on all Hero’s of Faith in old testament - , that is it is not "by the word of God", then it "is sin". It will also be rejected just like Cain's. It is a very serious matter if God rejects our worship.<br><br>We lost its purity with Adam’s sin – temporary redemption via offering | | |

| | | |
|---|---|---|
| by faith, we got it back permanently via our faith in Lord Jesus redemption. So we need to keep the ordinance of God because, we are created to WORSHIP GOD. | | |

| | | |
|---|---|---|
| Worship –Man and women were created to worship God with their lives – Failed.<br><br>No direct word called WORSHIP in Bible, till Abraham's time. | Gen 2:15<br><br>Num 3:7, 8; 8:26; 18:7; Deut 12:30; 13:4; Josh 22:5<br><br>Heb 11:4 | And Lord God took the man, and **PUT** him into the garden of Eden to **DRESS IT** and to **KEEP IT**.<br><br>PUT – means place or set it - Then the priests are instructed to "**set it** down before the LORD your God and worship before the LORD your God" -Deut 26:10. This word translated as put or place or set or even deposit is not the normal everyday word but one that often carries the idea of putting something in the presence of God.<br><br>Dress it & keep it– means work or serve God - Working and keeping are two words that are often used to describe the work of the Levites and priests in the tabernacle and temple. To work can also mean to minister and most of the time it means to serve (Num 4:23, 24, 26, 30, 37, 41, 47). So we get the idea that Adam was created to minister, to serve, or to do the work God had given him.<br><br>Four times the words work and keep occur together in the book of Numbers and every time it describe the work of the priests Here is the point: Adam and Eve had a priestly function in the Garden. They were not just working to pass the time or fill their bellies. They were serving, working, ministering, keeping, tending, and obeying. They did all in full faith to God, till the day, they felt the |

| | | |
|---|---|---|
| | | words of the devil was more important than God.<br><br>The offering given by Cain & Abel – though not called worship in direct terms were an act of thanks giving worship to God – Hebrews proves - "By faith Abel offered to God a more excellent sacrifice than Cain." Notice Abel offered his sacrifice "by faith" but Cain did not. So without faith we cannot worship God with our life or words. |
| | Matt 18:20<br><br>Exod 19:6<br>1 Peter 2:5, 9<br>John 4:24 | A sanctuary is a holy place where the presence of God dwells. In the Garden Adam and Eve would meet God. They would function as priests. Today God says - For where two or three are gathered together in my name, there am I in the midst of them. We are priests.<br>God called his people out of Egypt he called them a kingdom of priests<br>Today God calls us a holy and royal priesthood, It is what God has always intended for his people – worship HIM.<br>We need to worship God in truth and in spirit. (full faith) |
| First word- worship –in Bible | Genesis 22:5 | And Abraham said unto his young men, Abide ye here with the ass, and I and the lad will go yonder; and we will worship, and come again to you. |
| One of the reason to worship God | Exodus 33:10 | And all the people saw the pillar of cloud stand at the door of the Tent: and all the people rose up and worshipped, every man at his tent door. |
| God's command | Exodus 34:14 | for thou shalt worship no other god: for Jehovah, whose name is Jealous, is a jealous God: |
| Thanks worship | Deuter 26:10 | And now, behold, I have brought the first of the fruit of the ground, which thou, O |

| | | |
|---|---|---|
| | | Jehovah, hast given me. And thou shalt set it down before Jehovah thy God, and worship before Jehovah thy God: |
| Reverence worship | Joshua 5:14 | And he said, Nay; but as prince of the host of Jehovah am I now come. And Joshua fell on his face to the earth, and did worship, and said unto him, What saith my lord unto his servant? |
| Worship without repentance – its value in the eyes of God | I Samuel 15:25 | Now therefore, I pray thee, pardon my sin, and turn again with me, that I may worship Jehovah. |
| Worship after repentance | II Samuel 12:20 | Then David arose from the earth, and washed, and anointed himself, and changed his apparel; and he came into the house of Jehovah, and worshipped: then he came to his own house; and when he required, they set bread before him, and he did eat. |
| Worship every day | I Chroni 16:23…29 | 23. Sing unto the LORD, all the earth; **shew forth from day to day** his salvation.<br>24. Declare his glory among the heathen; his marvellous works among all nations.<br>27. Glory and honour are in his presence; strength and gladness are in his place.<br>28. Give unto the LORD, ye kindreds of the people, give unto the LORD glory and strength.<br>29. Ascribe unto Jehovah the glory due unto his name: Bring an offering, and come before him: Worship Jehovah in holy array. |
| Worship by Songs & Psalms | II Chor 29:30 | Moreover Hezekiah the king and the princes commanded the Levites to sing praises unto Jehovah with the words of David, and of Asaph the seer. And they sang praises with gladness, and they bowed their heads and worshipped. |
| Worship God before a bible study | Nehem 8:6 | and Ezra blessed Jehovah, the great God. And all the people answered, Amen, Amen, with the lifting up of their hands: and they bowed their heads, and worshipped Jehovah with |

| | | |
|---|---|---|
| | | their faces to the ground. |
| Who all worshiped God | Nehem 9:6 | Thou, even thou, art LORD alone; thou hast made heaven, the heaven of heavens, with all their host, the earth, and all things that are therein, the seas, and all that is therein, and thou preservest them all; and the host of heaven worshippeth thee. |
| Another reasons to worship God | Psalms 138:2 | I will worship toward thy holy temple, And give thanks unto thy name for thy lovingkindness and for thy truth: For thou hast magnified thy word above all thy name. |
| Gathering of people for worship in union to great God | Isaiah 66:23 | And it shall come to pass, that from one new moon to another, and from one sabbath to another, shall **all flesh come to worship before me**, saith Jehovah. |
| God's vision of worship | Zepha 2:11 | The LORD will be terrible unto them: for he will famish all the gods of the earth; and men shall worship him, **every one from his place**, even all the isles of the heathen. |
| Whom, where, when to worship | Matt 2:2 | Where is he that is born King of the Jews? for we saw his star in the east, and are come to worship him. |
| Who to worship? | Matt 4:9,10 | 9. and he said unto him, All these things will I give thee, if thou wilt fall down and worship me.<br>10. Then saith Jesus unto him, Get thee hence, Satan: for it is written, Thou shalt worship the Lord thy God, and him only shalt thou serve. |
| When all can we worship | Matt 8:2<br>Matt 9:18<br>Matt 28:9 | And behold, there came to him a leper and worshipped him, saying, Lord, if thou wilt, thou canst make me clean.<br>there came a ruler, and worshipped him, saying, My daughter is even now dead: but come and lay thy hand upon her, and she shall live. / And behold, Jesus met them, saying, All hail. And they came and took hold of his feet, and worshipped him. |
| Misconception of worship | Matt 15:9 | But in vain do they worship me, Teaching as their doctrines the precepts of men. |

| | | |
|---|---|---|
| Misconception of worship<br>Lord Jesus reply | John 4:20<br>4:23,24 | 20. Our fathers worshipped in this mountain; and ye say, that in Jerusalem is the place where men ought to worship.<br>23. But the hour cometh, and now is, when the **true worshippers shall worship the Father in spirit and truth**: for such doth the Father seek to be his worshippers. God is a Spirit: and they that worship him must worship in spirit and truth. |
| Elders worshiped God continuously | Rev 4:8,9,10 | And the four beasts had each of them six wings about him; and they were full of eyes within: and they rest not day and night, saying, Holy, holy, holy, LORD God Almighty, which was, and is, and is to come.<br>9. And when those beasts give glory and honour and thanks to him that sat on the throne, who liveth for ever and ever,<br>10. The four and twenty elders fall down before him that sat on the throne, and worship him that liveth for ever and ever, and cast their crowns before the throne, saying, |
| Another reason to worship | Rev 14:7 | and he saith with a great voice, Fear God, and give him glory; for the hour of his judgment is come: and worship him that made the heaven and the earth and sea and fountains of waters. |
| When we feel in awe – worship God | Rec 22:9 | And he saith unto me, See thou do it not: I am a fellow-servant with thee and with thy brethren the prophets, and with them that keep the words of this book: worship God. |
| | | |

# പുസ്തകത്തിലെ ചില ശ്രദ്ധേയങ്ങൾ

● ഒരു യാഗപീഠത്തിനും അതിന്മേൽ അർപ്പിക്കുന്ന ഊനമുള്ള മൃഗത്തെ ഊനമില്ലാത്തതാക്കുവാൻ കഴിയുകയില്ല. അപ്രകാരം ഒരു ജഡിക വിശ്വാസി എത്ര തന്നെ കർത്തൃഅത്താഴ പങ്കാളിയായാലും ആത്മീയനാകില്ല. നാമധേയ ക്രിസ്ത്യാനികളിൽ ഈവിധ ആചാരാനുഷ്ഠാനങ്ങൾ കാണാനാകും. എത്രത്തോളം ഒരുവൻ കുർബാന കൂടുന്നുവോ അത്രത്തോളം താൻ ആത്മീയനാകുമെന്നു അവർ പഠിപ്പിക്കുന്നു (കുർബാനയാണ് അവരുടെ കർത്തൃഅത്താഴം)

● കർത്തൃഅത്താഴം കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നതുപോലെ കർത്തൃദിനം തന്റെ ഉയിർപ്പിനെ അതേ പ്രാധാന്യതയോടെ തന്നെ നമ്മെ ഓർമ്മപ്പെടുത്തുന്നു. കർത്താവിന്റെ മരണത്തെ ഓർക്കുവാനായി കർത്തൃഅത്താഴം ആവശ്യമാണെങ്കിൽ തന്റെ ഉയിർപ്പിനെ ഓർക്കുവാൻ കർത്തൃദിനം ഒഴിച്ചുകൂടാനാവാത്തത് തന്നെ. കർത്താവിന്റെ ഉയിർപ്പ് ഓർക്കാതെ തന്റെ മരണം മാത്രം ഓർക്കുന്നത് ജീവനുള്ള ആരാധന ആകയില്ല. മറിച്ച് കർത്താവിന്റെ മരണാനന്തരശുശ്രൂഷ മാത്രമായി തീരും. ഞായറാഴ്ചയിലെ അപ്പം നുറുക്കൽ ഒരു മത ആചാരമല്ല എന്നാൽ അനേക ആത്മീയ സത്യങ്ങളോടുകൂടെ സത്യാരാധനയുടെ അടിസ്ഥാനമായ കർത്താവിന്റെ മരണഉയിർപ്പുകളുടെ ഓർമ്മയെ ആരാധനക്കായി ത്വരിതപ്പെടുത്തുന്ന പ്രതീകങ്ങളാണ്.

● വേദപുസ്തകം പ്രത്യക്ഷത്തിൽ രണ്ടുവിധ ആരാധനകളെ ചിത്രീകരിക്കുന്നുണ്ട്; ഒന്ന് 'വ്യക്തിഗത-സമൂഹ' ആരാധന മറ്റൊന്ന് 'സംയുക്ത-ഉടമ്പടി' ആരാധന. സകല യിസ്രായേല്യരേയും പ്രതിനിധീകരിച്ചുകൊണ്ട് അതിവിശുദ്ധയിടത്തിലെ മഹാപുരോഹിതന്റെ ആരാധന 'സംയുക്ത-ഉടമ്പടി' ആരാധനയെ കാണിക്കുന്നു. ആ ചുമൽകണ്ടവും പതക്കവും അഹരോൻ ധരിച്ചുകൊണ്ട് താൻ പ്രതീകാത്മകമായി സകല യിസ്രായേല്യരേയും ഗോത്രങ്ങൾ എന്നോണം തന്നിൽ ഉൾക്കൊണ്ടു (പുറ.28:12-29). ക്രിസ്തു തലയായി തന്റെ ശരീരമായ സഭ ഇന്ന് ചെയ്യുന്ന സത്യാരാധനയുടെ നിഴലാണല്ലോ ഈ 'സംയുക്ത-ഉടമ്പടി' ആരാധന. പുതിയനിയമ വ്യവസ്ഥയിലുള്ള ശരിയായ ആരാധന 'സംയുക്ത-ഉടമ്പടി' ആരാധനയാണ്: സഭ ക്രിസ്തുവിന്റെ മാർമ്മീക ശരീരമായും ക്രിസ്തു സഭയുടെ തലയായും, സഭ തലയായ ക്രിസ്തുവിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുന്നു. ക്രിസ്തുവിന്റെ അഭിഷിക്ത ശരീരത്തോട് സംയോജിക്കപ്പെട്ടു ഒരു ശരീരമെന്നോണം നാം ആരാധിക്കുന്നു (കൊലൊ.3: 15-17; 1കൊരി.10:16-17; 12:13മുതലായവ).

വിൽഫ്രെഡ്.കെ.ജെ
Mob: +919446762678, +919633488453
Email: wilfredlajoseph@gmail.com